

# خطوات الشيطان مع الإنسان

# പൈശാചിക കാൽപ്പാടുകൾ

باللغة المليبارية

# പൈശാചിക
# കാൽപ്പാടുകൾ

വിവർത്തനം:

**മുഹമ്മദ് കുട്ടി കടന്നമണ്ണ**

HOUSE OF THE PROPER KNOWLEDGE
FOR PUBLISHING & DISTRIBUTION
Riyadh- 11438 P.O.Box 32659 Tel 4228837 Fax 2933407

© دار الورقات العلمية للنشر والتوزيع ، ١٤٢٥هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

القسم العلمي بالدار
خطوات الشيطان مع الإنسان. / القسم العلمي بالدار.-
الرياض، ١٤٢٥هـ
٦٨ ص، ١٢ × ١٧ سم
ردمك: ٣ - ٥ - ٩٥٨٣ - ٩٩٦٠
(النص باللغة المليبارية)
١- الشياطين والجان ٢- الوعظ والارشاد أ. العنوان
ديوي ٢٤٣ ١٤٢٥/٥٦٨١

رقم الإيداع: ١٤٢٥/٥٦٨١
ردمك: ٣ - ٥ - ٩٥٨٣ - ٩٩٦٠

حقوق الطبع محفوظة

الطبعة الأولى

١٤٢٥هـ - ٢٠٠٤م

بسم الله الرحمن الرحيم

# താളുകളിൽ


| | പേജ്: |
|---|---|
| 1) പൈശാചിക തന്ത്രങ്ങൾ | 4 |
| 2) പിശാച് ആര്? | 5 |
| 3) ശത്രുതയുടെ തുടക്കം | 6 |
| 4) സുവിശേഷം | 10 |
| 5) പിശാചിന്റെ ദൗർബല്യം | 10 |
| 6) പിശാചിന്റെ ശക്തി | 12 |
| 7) ജാഗ്രത ഒരു മുന്നറിയിപ്പ് | 13 |
| 8) പിശാചിന്റെ തന്ത്രങ്ങൾ | 16 |
| 9) പിശാചിൽ നിന്നെങ്ങനെ രക്ഷനേടാം | 28 |
| 10) ആശ്ചര്യകരമായൊരു കഥ | 31 |
| 11) സുജൂദ് അധികരിപ്പിക്കൽ | 35 |
| 12) മറവിയുടെ സുജൂദ് | 35 |
| 13) പൈശാചിക ബന്ധനം അഴിക്കൽ | 36 |
| 14) രക്ഷ തേടേണ്ടുന്ന അവസരങ്ങൾ | 39 |
| 14) ആയത്തുൽ കുർസി ഓതൽ | 51 |
| 15) കോപം വരുമ്പോൾ വുദു എടുക്കൽ | 53 |
| 16) സുരക്ഷാമാർഗ്ഗം | 66 |


**********

# مكائد الشيطان

# പൈശാചിക തന്ത്രങ്ങൾ

മനുഷ്യന്റെ കഠിന ശത്രുവാണ് ശപിക്കപ്പെട്ട പിശാച്. തന്റെ ജനനം മുതൽ മരണം വരെ അവൻ മനുഷ്യനെതിരെ തന്ത്രം പ്രയോഗിച്ചുകൊണ്ടേയിരിക്കും. മനുഷ്യനെ അകപ്പെടുത്താൻ നശിച്ച, വഴികെട്ട മാർഗ്ഗങ്ങൾ പിശാച് മനുഷ്യനു മുമ്പിൽ ഭംഗിയാക്കി കാണിച്ചു കൊണ്ടിരിക്കും, സന്മാർഗ്ഗത്തിന്റെ ചൊവ്വായ പാതയിൽ നിന്നും അവനെ അകറ്റുവാൻ പിശാച് ശ്രമിച്ചു കൊണ്ടേയിരിക്കും.

അതിനുവേണ്ടി അവൻ മനസ്സിൽ ദുർബോധനം ചെയ്യും, കുറ്റകരവും മത വിരുദ്ധവുമായ കാര്യങ്ങൾ നല്ലതായി തോന്നിപ്പിക്കും. അല്ലാഹുവിനുള്ള അനുസരണത്തിൽ നിന്നും ആരാധനകളിൽ നിന്നും മനുഷ്യനെ തടയുകയും ചെയ്യും.

ദൈവ ദാസന്മാരെ വഴിപിഴപ്പിക്കുന്നതിന് പിശാച് സ്വീകരിക്കുന്ന ചില തന്ത്രങ്ങളും അടവുകളും അതിനവൻ ഉപയോഗിക്കുന്ന ചില ശൈലികളും ഈ ചെറുപുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. അതുപോലെ, ഈ പൈശാചിക തന്ത്രങ്ങളിൽ നിന്നും രക്ഷപ്പെടാൻ ആവശ്യമായ 21 ദൈവിക മാർഗ്ഗങ്ങളെയും ഖുർആനിന്റെയും നബിചര്യയുടെയും അടിസ്ഥാനത്തിൽ ഇതിൽ വിശദീകരിച്ചിരിക്കുന്നു.

ഈ പുസ്തകം പ്രയോജനപ്രദമാവട്ടെ എന്നും, പിശാചിന്റെ കുതന്ത്രങ്ങളിൽ നിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ എന്നുമുള്ള പ്രാർത്ഥനയോടെ ഇത് നിങ്ങൾക്ക് സമർപ്പിക്കുന്നു.

– പ്രസാധകർ

## من هو الشيطان

## പിശാച് ആര് ?

അബൂ ഉബൈദ പറഞ്ഞതുപോലെ, ധിക്കാരിയും കഠിനനും ക്രൗര്യമുള്ളവനുമായ ജിന്നുകളും മനുഷ്യരും ജീവികളുമടങ്ങുന്ന എല്ലാവർക്കും അറബികൾ ഉപയോഗിക്കുന്ന ഒരു പ്രയോഗമാണ് 'ശൈത്വാൻ' എന്നത്. 'ത്വബ്രി' പറയുന്നു: 'ജിന്നുകളിലും മനുഷ്യരിലും ജീവികളിലും മറ്റുമുഴുവൻ വസ്തുക്കളിലും പെട്ട എല്ലാ ധിക്കാരികൾക്കും പ്രയോഗിക്കപ്പെടുന്ന ഒന്നാണിത്. സൂറ: അൻആം: 112ൽ അല്ലാഹു പറയുന്നു:

'അപ്രകാരം ഓരോ പ്രവാചകനും മനുഷ്യരിലും ജിന്നുകളിലും പെട്ട പിശാചുക്കളെ നാം ശത്രുക്കളാക്കിയിട്ടുണ്ട്.

ഖുർആനിലൂടെ അല്ലാഹു നമ്മെ പലപ്പോഴായി ജാഗ്രതപ്പെടുത്തിയിട്ടുള്ള പിശാചാണ് ഇബ്‌ലീസും അവന്റെ സൈന്യവും. അല്ലാഹു തീയിൽ നിന്ന് സൃഷ്ടിച്ചിട്ടുള്ള ദുഷിച്ച സൃഷ്ടിയായ ഒരു ജിന്നാണ് ഇബ്‌ലീസ്. ശേഷം തന്റെ സ്രഷ്ടാവിനോടവൻ ധിക്കാരം പ്രവർത്തിക്കുകയും നന്ദികേട് കാണിക്കുകയും അവന്റെ കൽപനക്കെതിര് പ്രവർത്തിക്കുകയും ചെയ്തു. ശേഷം അവന്റെ തന്ത്രങ്ങളിലൂടെ മനുഷ്യനെ പിഴപ്പിക്കുവാനും ദുർമ്മാർഗ്ഗത്തിൽ വീഴ്ത്തുവാനും, അവന്റെ ജീവിതം നശിപ്പിക്കുവാനും അവൻ പരിശ്രമിച്ചുകൊണ്ടിരുന്നു. മനുഷ്യനെ ദൈവാനുസരണത്തിന്റെ പ്രതാപത്തിൽ നിന്നും ധിക്കാരത്തിന്റെ നിന്ദ്യതയിലേക്കാപതിപ്പിക്കാനും ദേഹേച്ഛയെ പിൻപറ്റി ജീവിക്കാനും അവൻ കുടില തന്ത്രങ്ങൾ ചെയ്തുകൊണ്ടിരുന്നു.

## بداية العداوة

## ശത്രുതയുടെ തുടക്കം

അല്ലാഹു ആദം (അ)യെ സൃഷ്ടിച്ച വേളയിൽ മലക്കുകളോട് ആദമിന് സുജൂദ് ചെയ്യാൻ കൽപിച്ചു. അപ്പോൾ മലക്കുകളെല്ലാം അദ്ദേഹത്തിന് സുജൂദ് ചെയ്തു. എന്നാൽ ഇബ്ലീസ് സുജൂദ് ചെയ്തില്ല. അവൻ ഈ കൽപന തിരസ്കരിച്ചു. (ജിന്ന് വർഗ്ഗത്തിൽപ്പെട്ട ഇബ്ലീസിന്റെ വാസം മലക്കുകളോടൊപ്പമായിരുന്നു, അതുകൊണ്ടാണ് ഈ കൽപന അവനും ബാധകമായത്) അവൻ പറഞ്ഞു:

'ഞാൻ അവനെക്കാൾ (ആദമിനെക്കാൾ) ഉത്തമനാകുന്നു. എന്നെ നീ അഗ്നിയിൽ നിന്നാണ് സൃഷ്ടിച്ചത്. അവനെ നീ സൃഷ്ടിച്ചത് കളിമണ്ണിൽ നിന്നും' (അഅ്റാഫ്: 12).

അങ്ങനെ ഈ ധിക്കാരത്തിലൂടെ അവൻ ദുർമ്മാർഗ്ഗം പ്രാപിക്കുകയും നന്ദികെട്ടവനാവുകയും ചെയ്തു. അതു കാരണം അവൻ ശപിക്കപ്പെടുകയും അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്നും ആട്ടപ്പെടുകയും ചെയ്തു. അല്ലാഹു പറയുന്നു:

'നാം മലക്കുകളോട് നിങ്ങൾ ആദമിന് പ്രണാമം ചെയ്യുക എന്ന് പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമത്രെ). അവർ പ്രണാമം ചെയ്തു, ഇബ്ലീസ് ഒഴികെ. അവൻ ജിന്നുകളിൽ പെട്ടവനായിരുന്നു. അങ്ങനെ തന്റെ രക്ഷിതാവിന്റെ കൽപന അവൻ ധിക്കരിച്ചു' (കഹ്ഫ്: 50).

'അല്ലാഹു പറഞ്ഞു: 'നീ ഇവിടെ നിന്ന് പുറത്തു പോ. തീർച്ചയായും നീ ആട്ടിയകറ്റപ്പെട്ടവനാകുന്നു. തീർച്ചയായും ന്യായവിധിയുടെ നാൾ വരെയും നിന്റെ മേൽ ശാപമുണ്ടായിരിക്കുന്നതാണ്' (ഹിജ്ർ: 34,35).

അങ്ങനെ ഇതിലൂടെ ആദമിനോടും അദ്ദേഹത്തിന്റെ സന്തതികളോടുമുള്ള അവന്റെ അസൂയയും പകയും വർദ്ധിച്ചു. തന്റെ ആയുസ്സ് അന്ത്യനാൾ വരേക്കും നീട്ടിത്തരണമെന്നവൻ അല്ലാഹുവോട് ആവശ്യപ്പെട്ടു. പശ്ചാത്തപിക്കുവാനല്ല, മറിച്ച് ആദമിനോടും അദ്ദേഹത്തിന്റെ സന്തതികളോടും പ്രതികാരം ചെയ്യുവാൻ വേണ്ടി മാത്രം. അവരെ പിഴപ്പിക്കുകയും പാപങ്ങളിൽ വീഴ്ത്തുകയും ചെയ്ത് തന്റെ അനുയായികളും സഹായികളും തന്റെ ആരാധകരും ആക്കിത്തീർക്കുകയായിരുന്നു അവന്റെ ലക്ഷ്യം. സൂറ: യാസീനിൽ അല്ലാഹു പറയുന്നു:

'ആദം സന്തതികളേ, നിങ്ങൾ പിശാചിനെ ആരാധിക്കരുത്. തീർച്ചയായും അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു'

'അവൻ പറഞ്ഞു: 'എന്റെ രക്ഷിതാവേ, അവർ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസം വരെ എനിക്ക് നീ അവധി നീട്ടിത്തരേണമേ'. അല്ലാഹു പറഞ്ഞു: 'എന്നാൽ ആ നിശ്ചിത സന്ദർഭം വന്നെത്തുന്ന ദിവസം വരെ അവധി നൽകപ്പെടുന്നവരുടെ കൂട്ടത്തിൽ തന്നെയായിരിക്കും നീ' (ഹിജ്ർ:36,38).

അല്ലാഹുവോടുള്ള സംഭാഷണത്തിൽ പിശാച് ചഞ്ചലപ്പെട്ടില്ല. യാതൊരു ഭയവുമില്ലാതെയും തന്റെ പരിണിതിയിൽ ഒട്ടും ചിന്തിക്കാതെയും അവൻ തന്റെ പ്രവർത്തന രൂപരേഖ അല്ലാഹുവിന്റെ മുമ്പിൽ വ്യക്തമാക്കി. അവൻ പറഞ്ഞു:

'അവൻ പറഞ്ഞു: 'എന്റെ രക്ഷിതാവേ, നീ എന്നെ വഴികേടിലാക്കിയതിനാൽ ഭൂലോകത്ത് അവർക്ക് ഞാൻ (ദുഷ്പ്രവർത്തികൾ) അലംകൃതമായി തോന്നിക്കുകയും, അവരെ മുഴുവൻ ഞാൻ വഴികേടിലാക്കുകയും ചെയ്യും തീർച്ച. അവരുടെ കൂട്ടത്തിൽ നിന്ന് നിന്റെ നിഷ്കളങ്കരായ ദാസന്മാരെയൊഴികെ' (ഹിജ്ർ: 39,40)

സഹോദരാ, ഇതാണ് പിശാച്.. ഇതാണ് അവന്റെ ശത്രുത യുടെ ചരിത്രം... ഭൂമിയേയും അതിലുള്ളവരെയും അല്ലാഹു അനന്തരമെടുക്കുന്നതു വരെ ഈ ശത്രുത അവൻ തുടർന്നുകൊണ്ടേയിരിക്കും. അന്നത്തെ ആ ദിവസം മുതൽ ആദം (അ)യുടെ സന്തതികളെ പിഴപ്പിക്കുവാൻ അവൻ തന്ത്രം ആവിഷ്കരിക്കുകയും അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. മുസ്‌ലിമിനെ അവന്റെ മതത്തിൽ നിന്നും പുറത്താക്കുകയും, അമുസ്‌ലിമിനെ ഇസ്‌ലാമിൽ നിന്നും അകറ്റുകയും ചെയ്യലാണ് അവന്റെ ലക്ഷ്യം. തോന്നിവാസവും വൃത്തികേടുകളും അധർമ്മങ്ങളും എല്ലായിടത്തും വ്യാപിപ്പിക്കുവാനാണ് അവൻ പ്രവർത്തിക്കുന്നത്. 'ഞാൻ ആദമിന് സുജൂദ് ചെയ്യാതിരിക്കാൻ അവകാശപ്പെട്ടവൻ തന്നെ, ഇതാ അവന്റെ സന്തതികൾ പരസ്പരം കൊല്ലുന്നു, പരസ്പരം ശപിക്കുന്നു, ഞാൻ ഒരു പ്രാവശ്യം മാത്രമല്ലേ ധിക്കാരം പ്രവർത്തിച്ചത്.. ഇവരിതാ ഓരോ ദിവസവും നൂറു കണക്കിന് പ്രാവശ്യം ധിക്കാരം പ്രവർത്തിക്കുന്നു' എന്നവൻ പറയാനാഗ്രഹിക്കുന്നപോലെ തോന്നുന്നു.

എന്നാൽ, തന്റെ ധിക്കാരത്തിൽ താൻ ഉറച്ചുനിൽക്കുന്നുവെന്നും അതിൽ ഖേദിക്കുന്നില്ലെന്നുമുള്ളത് ആ മ്ലേച്ഛൻ മറന്നുപോയി. അല്ലാഹുവിന്റെ കൽപനയിൽ നിന്നും അവൻ തിരിഞ്ഞുകളഞ്ഞു. പരിശുദ്ധനായ തന്റെ രക്ഷിതാവിന്റെ മേൽ അഹങ്കാരം നടിച്ചു. അവനോട് വീരവാദം മുഴക്കി... അങ്ങനെ അവൻ ശപിക്കപ്പെടുകയും അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്നും ആട്ടിയകറ്റപ്പെടുകയും ചെയ്തു.

എന്നാൽ ആദം സന്തതികൾക്ക് പശ്ചാത്തപിക്കുവാനും അല്ലാഹുവിലേക്ക് മടങ്ങുവാനുമുള്ള വാതിൽ അല്ലാഹു തുറ

ന്നു വെച്ചിരിക്കുന്നു. അവർ അവന്റെ കാരുണ്യത്തിൽ നിരാശപ്പെടേണ്ടതില്ല. അവന്റെ മാപ്പിലും വിട്ടുവീഴ്ച്ചയിലും അവർ ആശ മുറിയേണ്ടതില്ല. അവരിൽ ആർ പശ്ചാത്തപിച്ചു മടങ്ങിയോ അല്ലാഹു അവന്റെ പശ്ചാത്താപം സ്വീകരിക്കും. ആര് പൊറുക്കലിനെ തേടുന്നുവോ അവന്ന് അല്ലാഹു പൊറുത്തു കൊടുക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:

'വല്ല നീച കൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും തങ്ങളുടെ പാപങ്ങൾക്ക് മാപ്പുതേടുകയും ചെയ്യുന്നവർക്കു വേണ്ടി.– പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്? – ചെയ്തുപോയ (ദുഷ്) പ്രവർത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ' (ആലുഇംറാൻ: 135).

'പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെ പ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും. നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിന് മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും, അവന്നു കീഴ്പ്പെടുകയും ചെയ്യുവിൻ. പിന്നെ അത് (വന്നതിനു ശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല' (സുമർ: 53,54).

***********

## بشرى

## സുവിശേഷം

അബുസഈദ് (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു: 'നിശ്ചയം, പിശാച് (അല്ലാഹുവോട്) പറയുകയുണ്ടായി: 'എന്റെ രക്ഷിതാവേ.. നിന്റെ അടിമകളുടെ ആത്മാക്കൾ അവരുടെ ശരീരങ്ങളിൽ ഉള്ളേടത്തോളം ഞാൻ അവരെ പിഴപ്പിച്ചുകൊണ്ടേയിരിക്കും. അപ്പോൾ രക്ഷിതാവ് (അല്ലാഹു) പറഞ്ഞു: 'എന്റെ പ്രതാപവും മഹത്വവും തന്നെയാണ് സത്യം, അവർ എന്നോട് മാപ്പിന് അപേക്ഷിച്ചു കൊണ്ടിരിക്കുന്നേടത്തോളം ഞാനവർക്ക് പൊറുത്തുകൊടുത്തു കൊണ്ടേയിരിക്കും' (അഹ്മദ്, ഹാകിം).

സഹോദരാ..അതിനാൽ നാം ഒരിക്കലും പിശാചിന് അടിയറവു പറയരുത്. കാരണം അവനുള്ള അനുസരണം നരകാഗ്നിയിലേക്കാണ് എത്തിക്കുക. നീ വിശ്വാസികളായ ദൈവ ദാസന്മാരിൽ ചരിക്കുക. എങ്കിൽ പ്രവാചക പുംഗവനോടൊപ്പം സംതൃപ്ത സ്വർഗ്ഗം കരസ്ഥമാക്കി നിനക്ക് വിജയം വരിക്കാം.

## ضعف الشيطان

## പിശാചിന്റെ ദൗർബല്യം

തനിക്ക് പിശാചിനെ നേരിടുവാൻ യാതൊരു കഴിവുമില്ലെന്നാണ് കുറെയേറെ ആളുകൾ ധരിച്ചിരിക്കുന്നത്. അത്തരക്കാരോട് പിശാചിനെ നേരിടുന്ന കാര്യത്തെക്കുറിച്ച് നീ സംസാരിക്കുമ്പോൾ, പിശാചിനാണ് വിജയമുണ്ടാവുക എന്നായിരിക്കും അവരുടെ പ്രതികരണം. വഴിതെറ്റിക്കാനും വൃത്തികേടുകളെ

ഭംഗിയാക്കി കാണിക്കാനുമുള്ള അവന്റെ അധികാരവും കഴിവും കണ്ടാണ് മനുഷ്യൻ ഈ നിലപാടിൽ എത്തുന്നത്.

എന്നാൽ, പരമ കാരുണ്ണികന്റെ അടിയാറുകൾക്കു മേൽ അവന് യാതൊരു സ്വാധീനവുമില്ലെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടു തന്നെ ദൈവദാസൻ ദൈവികഗ്രന്ഥവും പ്രവാചകചര്യയും മുറുകെപ്പിടിക്കുകയും, പ്രവാചകന്റെ മാർഗ്ഗം സന്മാർഗ്ഗ ദർശനമായി സ്വീകരിക്കുകയും, സാധ്യമാവുന്നത്ര അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുന്നേടത്തോളം പിശാചിന് അവനെ സ്വാധീനിക്കുവാനോ വഴി തെറ്റിക്കുവാനോ സാധ്യമാവുകയില്ല. അല്ലാഹു പറയുന്നു:

'തീർച്ചയായും എന്റെ ദാസന്മാരുടെ മേൽ നിനക്ക് യാതൊരു ആധിപത്യവുമില്ല. നിന്നെ പിൻപറ്റിയ ദുർമ്മാർഗികളുടെ മേലല്ലാതെ' (ഹിജ്ർ: 42). അല്ലാഹു പറയുന്നു:

'അവന്ന് (ഇബ്‌ലീസിന്ന്) അവരുടെ മേൽ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. പരലോകത്തിൽ വിശ്വസിക്കുന്നവരെ അതിനെപ്പറ്റി സംശയത്തിൽ കഴിയുന്നവരുടെ കൂട്ടത്തിൽ നിന്ന് നാം തിരിച്ചറിയുവാൻ വേണ്ടി മാത്രമാണിത്' (സബഅ്: 21).

സത്യത്തിൽ, വിശ്വാസികളായ ദൈവദാസന്മാരുടെ മേൽ തനിക്ക് യാതൊരു കഴിവുമില്ലെന്ന് പിശാചിന് തന്നെയും അറിയാവുന്ന വസ്തുതയാണ്. താൻ ആദം സന്തതികളെ വഴി തെറ്റിക്കാൻ എല്ലാ മാർഗ്ഗവും സ്വീകരിക്കുമെന്ന് അല്ലാഹുവിന് മുമ്പിൽ ദൃഢനിശ്ചയം ചെയ്തപ്പോൾത്തന്നെ ആ വിഭാഗത്തെ അവൻ മാറ്റി നിറുത്തി. അവൻ പറഞ്ഞു:

'അവൻ പറഞ്ഞു: 'എന്റെ രക്ഷിതാവേ, നീ എന്നെ വഴികേടിലാക്കിയതിനാൽ, ഭൂലോകത്ത് അവർക്ക് ഞാൻ (ദുഷ്പ്രവൃത്തികൾ) അലംകൃതമായി തോന്നിക്കുകയും അവരെ

മുഴുവൻ ഞാൻ വഴികേടിലാക്കുകയും ചെയ്യും; തീർച്ച. അവരുടെ കൂട്ടത്തിൽ നിന്ന് നിന്റെ നിഷ്കളങ്കരായ ദാസന്മാരെയൊഴികെ' (ഹിജ്ർ: 39,40).

തന്നെ പിൻപറ്റിയവരോട് ഇക്കാര്യം അന്ത്യനാളിൽ അവൻ വ്യക്തമാക്കുന്നതാണ്. അവൻ പറയും:

'എനിക്ക് നിങ്ങളുടെ മേൽ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. ഞാൻ നിങ്ങളെ ക്ഷണിച്ചു. അപ്പോൾ നിങ്ങളെനിക്ക് ഉത്തരം നൽകി എന്ന് മാത്രം. ആകയാൽ നിങ്ങൾ എന്നെ കുറ്റപ്പെടുത്തേണ്ട, നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തുക' (ഇബ്റാഹീം: 22).

അതുകൊണ്ട് തന്നെ പിശാചിന്റെ ദൗർബല്യത്തെക്കുറിച്ചും, അവന്റെ കുതന്ത്രങ്ങളുടെ ശക്തിരാഹിത്യത്തെക്കുറിച്ചും അല്ലാഹു വിശ്വാസികളെ ഉൽബോധിപ്പിക്കുന്നു:

'അതിനാൽ പിശാചിന്റെ മിത്രങ്ങളുമായി നിങ്ങൾ യുദ്ധത്തിലേർപ്പെടുക. തീർച്ചയായും പിശാചിന്റെ കുതന്ത്രം ദുർബലമാകുന്നു' (നിസാഅ്: 76).

## قوة الشيطان

## പിശാചിന്റെ ശക്തി

വിശ്വാസിയുടെ കാര്യത്തിൽ പിശാച് ദുർബ്ബലനാണെങ്കിലും അവിശ്വാസിയുടെ കാര്യത്തിൽ പിശാച് ശക്തനാണ്. കാരണം, പിശാചിനെ രക്ഷാധികാരിയായി സ്വീകരിച്ചു കൊണ്ടും, ധിക്കാരപരവും ദൈവകോപത്തിന് കാരണമാവുന്നതുമായ പ്രവർത്തനങ്ങൾ ചെയ്യുന്നതിലൂടെ അവന്റെ കൽപനകൾ പിൻപറ്റിക്കൊണ്ടും, അവിശ്വാസിയാണ് തന്നിലേക്ക് പിശാചിന് മാർഗ്ഗം തുറന്നുകൊടുത്തത്. അല്ലാഹു പറയുന്നു:

'അവന്റെ അധികാരം അവനെ രക്ഷാധികാരിയാക്കുന്നവരുടെയും, അല്ലാഹുവോട് പങ്ക് ചേർക്കുന്നവരുടെയും മേൽ മാത്രമാകുന്നു' (നഹ്ൽ: 100).

അല്ലാഹുവിന്റെ കൽപനകളിൽ നിന്ന് കുതറി മാറി, തങ്ങൾ പിൻപറ്റുന്ന വഴികേടിന്റെ നേതാവായിക്കൊണ്ടും, തങ്ങളെ നയിക്കുന്നവനായിക്കൊണ്ടും പിശാചിനെ തൃപ്തിപ്പെട്ട് സ്വീകരിച്ചവരാണവർ. അതുകൊണ്ട് തന്നെ അവർക്കുള്ള ഒരു ശിക്ഷയെന്നോണം അല്ലാഹു പിശാചിനെ അവരുടെ മേൽ സ്വാധീനമുള്ളവനാക്കി. അല്ലാഹുവിൽ ശിർക്ക് ചെയ്യുമാറ് പിശാചിനെ അനുസരിക്കുവാൻ, തന്റെ ഇഷ്ടദാസന്മാരുടെ മേൽ അവന്ന് അല്ലാഹു സ്വാധീനം നൽകുകയില്ല.

അല്ലാഹു പറയുന്നു: 'സത്യവിശ്വാസികളുടെ നേർക്ക്, അവരെ ശക്തിയായി ഇളക്കി വിടാൻ വേണ്ടി നാം പിശാചുക്കളെ അയച്ചു വിട്ടിരിക്കുകയാണെന്ന് നീ കണ്ടില്ലേ?' (മർയം: 83).

## تحذير وتذكير

## ജാഗ്രത! ഒരു മുന്നറിയിപ്പ്

പിശാചിനെ അനുസരിക്കുന്നതിലും അവനെ പിൻപറ്റുന്നതിലും മുഴുവൻ മനുഷ്യരെയും അല്ലാഹു ജാഗ്രതപ്പെടുത്തുകയും, അതിന്റെ ഭവിഷ്യത്ത് വളരെ ഭയങ്കരമായിരിക്കുമെന്ന് അവൻ അവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം തന്നെ, നാശത്തിൽ പതിക്കുന്നവൻ വ്യക്തമായ ബോധത്തോടെ നശിക്കുവാനും, സത്യമാർഗ്ഗത്തിൽ ജീവിക്കുന്നവൻ വ്യക്തമായ ബോധത്തോടെ സന്മാർഗ്ഗിയായി ജീവിക്കുവാനും ഉതകുമാറ്, പിശാച് അവരെ ക്ഷണിച്ചുകൊണ്ടിരിക്കുന്ന വഴികേ

ടും നാശവും എന്താണെന്ന് അവനവർക്ക് വ്യക്തമാക്കിക്കൊടുത്തിട്ടുണ്ട്. അല്ലാഹു പറയുന്നു:

'മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് അനുവദനീയവും, വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രു തന്നെയാകുന്നു. ദുഷ്കൃത്യങ്ങളിലും നീചവൃത്തികളിലും ഏർപ്പെടുവാനും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിഞ്ഞുകൂടാത്തത് പറഞ്ഞുണ്ടാക്കുവാനുമാണ് അവൻ നിങ്ങളോട് കൽപിക്കുന്നത്' (ബഖറ: 168,169). അല്ലാഹു പറയുന്നു:

﴿ وَلَا يَصُدَّنَّكُمُ ٱلشَّيۡطَٰنُۖ إِنَّهُۥ لَكُمۡ عَدُوّٞ مُّبِينٞ ﴾ ( الزخرف : ٦٢ )

'പിശാച് (അതിൽനിന്ന്) നിങ്ങളെ തടയാതിരിക്കട്ടെ. തീർച്ചയായും അവൻ നിങ്ങൾക്ക് പ്രത്യക്ഷ ശത്രുവാകുന്നു' (സുഖ്റുഫ്: 62).

അതുപോലെത്തന്നെ, പിശാചിനെ പിൻപറ്റുന്നവർ അവനെ തുടരുന്നത് കൊണ്ട് രക്ഷപ്പെടാൻ പോവുന്നില്ലെന്നും, അവർക്കത് ദുഃഖവും ഖേദവും നഷ്ടവും മാത്രമേ വർദ്ധിപ്പിക്കുകയുള്ളുവെന്നും അല്ലാഹു അവരെ അറിയിച്ചിട്ടുണ്ട്.

അല്ലാഹു പറയുന്നു: 'പിശാച് അവരെ കീഴടക്കിവെക്കുകയും അങ്ങനെ അല്ലാഹുവെപ്പറ്റിയുള്ള ഉൽബോധനം അവർക്ക് വിസ്മരിപ്പിച്ചു കളയുകയും ചെയ്തിരിക്കുന്നു. അക്കൂട്ടരാകുന്നു പിശാചിന്റെ കക്ഷി. അറിയുക; തീർച്ചയായും പിശാചിന്റെ കക്ഷി തന്നെയാകുന്നു നഷ്ടക്കാർ' (മുജാദില: 19).

അല്ലാഹു പറയുന്നു: 'വല്ലവനും അല്ലാഹുവിനുപുറമെ പിശാചിനെ രക്ഷാധികാരിയായി സ്വീകരിക്കുന്ന പക്ഷം തീർച്ചയായും അവൻ പ്രത്യക്ഷമായ നഷ്ടം പറ്റിയവനാകുന്നു' (നിസാഅ്: 119).

തങ്ങളുടെ പിതാവ് ആദമിനെക്കൊണ്ട് പിശാച് എന്താണ് ചെയ്തതെന്ന് അല്ലാഹു തന്റെ ദാസന്മാരെ ഓർമ്മിപ്പിക്കുന്നു. അല്ലാഹു പറയുന്നു:

'ആദം സന്തതികളേ, നിങ്ങളുടെ മാതാപിതാക്കളെ ആ തോട്ടത്തിൽ നിന്ന് പുറത്താക്കിയത് പോലെ പിശാച് നിങ്ങളെ കുഴപ്പത്തിലാക്കാതിരിക്കട്ടെ. അവർ ഇരുവരുടെയും ഗോപ്യ സ്ഥാനങ്ങൾ അവർക്കു കാണിച്ചുകൊടുക്കുവാനായി അവൻ അവരിൽ നിന്ന് അവരുടെ വസ്ത്രം എടുത്ത് നീക്കുകയായിരുന്നു. തീർച്ചയായും അവനും അവന്റെ വർഗ്ഗക്കാരും നിങ്ങളെ കണ്ടുകൊണ്ടിരിക്കും; നിങ്ങൾക്ക് അവരെ കാണാൻ പറ്റാത്ത വിധത്തിൽ. തീർച്ചയായും വിശ്വസിക്കാത്തവർക്ക് പിശാചുക്കളെ നാം മിത്രങ്ങളാക്കിക്കൊടുത്തിരിക്കുന്നു' (അഅ്റാഫ്: 27).

പിശാചിനോട് പ്രത്യക്ഷവും പരോക്ഷവുമായ ശത്രുത പ്രഖ്യാപിക്കാൻ അല്ലാഹു തന്റെ ദാസന്മാരോട് കൽപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

'തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ നിങ്ങൾ ശത്രുവായിത്തന്നെ ഗണിക്കുക. അവൻ തന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടി മാത്രമാണ്' (ഫാത്വിർ:6).

സഹോദരാ... സഹോദരീ! നിശ്ചയം, അല്ലാഹുവോട് സഹായം തേടലും, അവന്റെ പാശത്തെ മുറുകെ പിടിക്കലും, വിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റെയും മാർഗ്ഗമവലംബിക്കലും, കൽപ്പനകൾ ജീവിതത്തിൽ പകർത്തലും നിരോധനങ്ങൾ പാടെ വെടിയലും മാത്രമാണ് പിശാചിന്റെ കുതന്ത്രങ്ങളിൽ നിന്നും കെണിയിൽ നിന്നും രക്ഷപ്പെടാനുള്ള ഏക മാർഗ്ഗം. കാരണം, പിശാച് നബി (സ) പറഞ്ഞതുപോലെയാണ്:

'പിശാച് മനുഷ്യനിൽ രക്തം സഞ്ചരിക്കുന്നപോലെ സഞ്ചരിക്കുന്നു' (ബുഖാരി, മുസ്‌ലിം). തന്റെ രക്തത്തിലും മാംസത്തിലുമെല്ലാം കലർന്നവനിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹുവിന്റെ സഹായം കൊണ്ടും, അവന്നുള്ള സത്യസന്ധമായ ആരാധന കൊണ്ടുമല്ലാതെ സാധ്യമല്ല. ഇബ്നു അബ്ബാസ് (റ) പറയുന്നു:

'പിശാച് മനുഷ്യ ഹൃദയത്തിൽ പിടി മുറുക്കിയിരിക്കുന്നു. മനുഷ്യൻ മറക്കുകയും അശ്രദ്ധനാവുകയും ചെയ്താൽ അവൻ ദുർമന്ത്രണം നടത്തും, മനുഷ്യൻ അല്ലാഹുവിനെ ഓർക്കുമ്പോൾ അവൻ പിൻവാങ്ങിക്കളയുകയും ചെയ്യും.

## حيل الشيطان ومكائده

## പിശാചിന്റെ തന്ത്രങ്ങൾ

പിശാചിന്റെ പ്രവർത്തനങ്ങൾക്ക് വ്യക്തവും നിർണ്ണിതവുമായൊരു ലക്ഷ്യമുണ്ട്. മനുഷ്യരെ നരകത്തിൽ പ്രവേശിപ്പിക്കുക, അവരെ സ്വർഗ്ഗത്തിൽ നിന്നും അകറ്റുക എന്നതാണത്. അല്ലാഹു പറയുന്നു:

'അവൻ തന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടി മാത്രമാണ്' (ഫാത്വിർ: 6).

ഈ ലക്ഷ്യസാക്ഷാൽക്കാരത്തിനായി ഏറ്റവും വൃത്തികെട്ട മാർഗ്ഗങ്ങളെയും, തന്ത്രങ്ങളെയും അവൻ ഉപയോഗിക്കുന്നു.

മനുഷ്യ വംശം മുഴുവൻ തന്റെ രക്ഷിതാവായ അല്ലാഹുവിൽ അവിശ്വസിച്ചതായി പ്രഖ്യാപിക്കുക, അവരെ നരകത്തിൽ വേദനയേറിയ ശിക്ഷക്ക് അവകാശികളാക്കുക എന്ന തന്റെ മ്ലേച്ഛമായ ലക്ഷ്യങ്ങളുടെ പ്രാപ്തിക്കായി, പിശാച് ലക്ഷ്യമിട്ടി

രിക്കുന്ന പല നാശങ്ങളെക്കുറിച്ചും ഖുർആനും പ്രവാചക ചര്യയും നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. അതിൽ പ്രധാന മായ ചിലത് ഇവയാണ്:

**1) ശിർക്കിലേക്കും കുഫ്റിലേക്കുമുള്ള ക്ഷണം:**

അല്ലാഹു പറയുന്നു: 'പിശാചിന്റെ അവസ്ഥ പോലെ തന്നെ. മനുഷ്യനോട്, നീ അവിശ്വാസിയാകൂ എന്ന് പറഞ്ഞ സന്ദർഭം. അങ്ങനെ അവൻ അവിശ്വസിച്ചുകഴിഞ്ഞപ്പോൾ അവൻ (പിശാച്) പറഞ്ഞു: തീർച്ചയായും ഞാൻ നീയുമായുള്ള ബന്ധത്തിൽ നിന്ന് വിമുക്തനാകുന്നു' (ഹശ്ർ: 16).

പിശാച് മനുഷ്യനെ ഒറ്റയടിക്ക് അവിശ്വാസത്തിലേക്ക് ക്ഷണിക്കുകയല്ല, മറിച്ച് അതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചു കൊണ്ട് പടിപടിയായി അവനെ അതിലേക്ക് എത്തിക്കുക യാണ് ചെയ്യുക. അതിനുവേണ്ടി പ്രധാനപ്പെട്ട പല കാര്യങ്ങ ളുടെയും പ്രാധാന്യം കുറച്ച് കാണിക്കുകയും, ചെറിയ പാപ ങ്ങളും വീഴ്ചകളും നിസ്സാരമാക്കിക്കാണിക്കുകയും ചെയ്യും. ഇത്തരം ചെറിയ പാപങ്ങൾ പലപ്പോഴും വിശ്വാസിയെ വൻ പാപത്തിൽ വീഴ്ത്തുവാൻ പര്യാപ്തമായിരിക്കും. വൻ പാപ ത്തിൽ വീഴുന്നതോടെ അവിശ്വാസം അയാളോട് വളരെ അടു ത്തായിരിക്കും. അല്ലാഹുവിൽ ശരണം. അല്ലാഹു പറഞ്ഞതാ യി നബി (സ) പറയുന്നു:

"ഞാനെന്റെ മുഴുവൻ അടിമകളെയും വക്രതയില്ലാത്ത നിലപാടിലാണ് സൃഷ്ടിച്ചിരിക്കുന്നത്. അങ്ങനെ പിശാച് അവ രുടെ അടുക്കൽ വരികയും അവരുടെ മതത്തിൽ നിന്ന് അവരെ തെറ്റിക്കുകയും ചെയ്തു. ഞാൻ അവർക്ക് അനു വദ നീയമാക്കിക്കൊടുത്തിരുന്നത് അവൻ അവരുടെ മേൽ നിഷിദ്ധമാക്കി. ഞാൻ അവർക്ക് നിഷിദ്ധമാക്കിയിരുന്നത് അവ

ൻ അവർക്ക് അനുവദനീയമാക്കി. ഞാൻ യാതൊരവകാശവും നൽകിയിട്ടില്ലാത്തവരെ എന്നിൽ പങ്ക് ചേർക്കാൻ അവനവരോട് കൽപ്പിക്കുകയും ചെയ്തു' (മുസ്‌ലിം).

**2) മതത്തിന്റെ അടിസ്ഥാന കാര്യങ്ങളിൽ സംശയം ജനിപ്പിക്കൽ:**

അബൂഹുറൈറ (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു: 'നിങ്ങളുടെ അടുക്കൽ പിശാച് വരും, എന്നിട്ടവൻ ചോദിക്കും, 'ഇങ്ങനെ സൃഷ്ടിച്ചതാരാണ്? ഇങ്ങനെ പടച്ചതാരാണ്? (അവസാനം ഇപ്രകാരം) ചോദിക്കുന്നതുവരെ: 'നിന്റെ രക്ഷിതാവിനെ സൃഷ്ടിച്ചതാരാണ്?'. അവിടെയെത്തിയാൽ അല്ലാഹുവോടവൻ ശരണം തേടുകയും, അവനെ തളർത്തുകയും ചെയ്തുകൊള്ളട്ടെ' (ബുഖാരി, മുസ്‌ലിം). അപ്പോൾ മനുഷ്യന്റെ വിശ്വാസത്തിൽ പിശാച് സംശയം ജനിപ്പിക്കുമ്പോൾ അല്ലാഹുവിലേക്ക് അഭയം തേടുകയും പിശാചിൽ നിന്നും അവനോട് ശരണം തേടുകയും ചെയ്യുക എന്നതാണ് നമുക്ക് കരണീയമായത്. അല്ലാതെ അത്തരം സന്ദേഹങ്ങളിലും അവ്യക്തതകളിലും ഉഴറുവാൻ മനസ്സിനെ തുറന്ന് വിട്ടേക്കരുത്.

**3) അല്ലാഹുവിനുള്ള അനുസരണത്തിൽ നിന്നും തടയൽ:**

ജാബിർ (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു: 'പിശാച് മനുഷ്യന്റെ സദ്പാന്ഥാവുകളിലെല്ലാം പതുങ്ങിയിരിക്കുകയാണ്. ഇസ്‌ലാമിന്റെ പാതയിൽ അവൻ ഇരിക്കും, എന്നിട്ടവൻ ചോദിക്കും: 'നിന്റെയും നിന്റെ പിതാക്കളുടെയും പിതാമഹന്മാരുടെയും മതത്തെ നീ വെടിഞ്ഞ് നീ ഇസ്‌ലാം സ്വീകരിക്കുകയാണോ? എന്നിട്ടും മനുഷ്യൻ അവനെ ധിക്കരിച്ചു, അവൻ ഇസ്‌ലാം സ്വീകരിച്ചു. ശേഷം അവന്റെ ഹിജ്റയുടെ പാതയിൽ അവൻ ഇരുന്നു. എന്നിട്ടവൻ പറഞ്ഞു: 'നീ നിന്റെ

ഭൂമിയും ആകാശവുമെല്ലാം വിട്ടേച്ച് ഹിജ്റ പോവുകയാണോ? അപ്പോഴും മനുഷ്യൻ അവനെ ധിക്കരിച്ചു, അവൻ ദൈവ മാർഗ്ഗത്തിൽ പാലായനം ചെയ്തു. ശേഷം അവൻ ജിഹാദിന്റെ പാതയിൽ ഇരുന്നു. അവൻ പറഞ്ഞു: 'നീ യുദ്ധം ചെയ്യുന്നു, അതിൽ നീ കൊല്ലപ്പെടുന്നു. നിന്റെ ഭാര്യ പിന്നീട് വിവാഹം ചെയ്യപ്പെടുന്നു. നിന്റെ സമ്പത്ത് ഓഹരി ചെയ്യപ്പെടുന്നു. അതിനുവേണ്ടി നിന്റെ ശരീരവും സമ്പത്തും കൊണ്ട് നീ ധർമ്മ സമരം നടത്തുകയാണോ? അപ്പോഴും മനുഷ്യൻ അവനെ ധിക്കരിച്ചു, അവൻ ജിഹാദ് ചെയ്തു. ഇപ്രകാരം പ്രവർത്തിക്കുന്നവരെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കൽ അല്ലാഹുവിന്റെ ബാധ്യതയാണ്. അപ്രകാരം ദൈവ മാർഗ്ഗത്തിൽ വീരമൃത്യു വരിച്ചവന് സ്വർഗ്ഗം നൽകൽ അല്ലാഹുവിന്റെ ബാധ്യതയാണ്. അവൻ മുങ്ങി മരിച്ചാൽ അവന്റെ സ്വർഗ്ഗപ്രവേശം അല്ലാഹുവിന്റെ ബാധ്യതയാണ്. അവന്റെ വാഹനം അവനെ തള്ളിയിട്ട് കഴുത്ത് പൊട്ടിയാലും അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കൽ അല്ലാഹുവിന്റെ ബാധ്യതയാണ്' (അഹ്മദ്).

വിശ്വാസിയെ വഴിതെറ്റിക്കുവാനും, നന്മയുടെ മാർഗ്ഗങ്ങളിൽ നിന്നും അവനെ തടയുവാനുമുള്ള പിശാചിന്റെ അത്യാഗ്രഹമാണ് ഈ ഹദീസ് നമ്മെ ഉണർത്തുന്നത്. പിശാചിന്റെ വാക്കുകളായി ഖുർആൻ ഉദ്ദരിക്കുന്നു: 'അവൻ (ഇബ്ലീസ്) പറഞ്ഞു: നീ എന്നെ വഴി പിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുമ്പിലൂടെയും, അവരുടെ പിന്നിലൂടെയും, അവരുടെ വലതുഭാഗങ്ങളിലൂടെയും, ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും. അവരിൽ അധികപേരെയും നന്ദി യുള്ളവരായി നീ കണ്ടെത്തുന്നതല്ല' (അഅ്റാഫ്: 16,17).

**4) പാപങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കൽ:**

അല്ലാഹു വിലക്കിയ വൃക്ഷത്തിൽ നിന്ന് ഭക്ഷിപ്പിച്ചതിലൂടെ ആദമിനെ വഞ്ചിച്ചതിൽ നിന്നും ഇക്കാര്യം വളരെ വ്യക്തമായി ബോധ്യപ്പെടുകയുണ്ടായി. അദ്ദേഹത്തെയും സന്തതികളെയും സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കിയ പാപത്തിന് അത് കാരണമാവുകയും ചെയ്തു. അല്ലാഹു പറയുന്നു:

'അപ്പോൾ പിശാച് അദ്ദേഹത്തിന് ദുർബോധനം നൽകി: ആദമേ, അനശ്വരത നൽകുന്ന ഒരു വൃക്ഷത്തെപ്പറ്റിയും, ക്ഷയിച്ചുപോകാത്ത ആധിപത്യത്തെപ്പറ്റിയും ഞാൻ നിനക്ക് അറിയിച്ചുതരട്ടെയോ?. അങ്ങനെ അവർ (ആദമും ഭാര്യയും) ആ വൃക്ഷത്തിൽ നിന്ന് ഭക്ഷിച്ചു. അപ്പോൾ അവർ ഇരുവർക്കും തങ്ങളുടെ ഗുഹ്യഭാഗങ്ങൾ വെളിപ്പെടുകയും, സ്വർഗ്ഗത്തിലെ ഇലകൾ കൂട്ടിച്ചേർത്ത് തങ്ങളുടെ ദേഹം അവർ പൊതിയാൻ തുടങ്ങുകയും ചെയ്തു. ആദം തന്റെ രക്ഷിതാവിനോട് അനുസരണക്കേട് കാണിക്കുകയും, അങ്ങനെ പിഴച്ചുപോകുകയും ചെയ്തു' (ത്വാഹാ: 120,121).

**5) നീചവൃത്തികൾ ചെയ്യാൻ പ്രേരിപ്പിക്കൽ:**

അല്ലാഹു പറയുന്നു: 'ദുഷ്കൃത്യങ്ങളിലും നീചവൃത്തികളിലും ഏർപ്പെടുവാനും അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിഞ്ഞുകൂടാത്തത് പറഞ്ഞുണ്ടാക്കുവാനുമാണ് അവൻ നിങ്ങളോട് കൽപ്പിക്കുന്നത്' (ബഖറ: 169).

**6) വ്യക്തികൾക്കിടയിൽ കുഴപ്പമുണ്ടാക്കൽ:**

അല്ലാഹു പറയുന്നു: 'പിശാച് ദാരിദ്ര്യത്തെപ്പറ്റി നിങ്ങളെ പേടിപ്പെടുത്തുകയും, നീചവൃത്തികൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു' (ബഖറ: 268). അല്ലാഹു പറയുന്നു:

നബി (സ) പറഞ്ഞു: 'തീർച്ചയായും അറേബ്യൻ ദ്വീപിൽ, നമസ്കരിക്കുന്നവർ പിശാചിനെ ആരാധിക്കുന്നതിൽ അവൻ നിരാശപ്പെട്ടിരിക്കുന്നു. എന്നാൽ അവർക്കിടയിൽ കുഴപ്പമുണ്ടാക്കുന്നതിൽ അവൻ (തൃപ്തിപ്പെട്ടിരിക്കുന്നു). (മുസ്ലിം).

**7) ദൈവസ്മരണ മറന്നുപോവൽ:**

അല്ലാഹുവിനെ സ്മരിക്കുന്നതിലാണ് ഹൃദയങ്ങൾക്ക് ചൈതന്യം ലഭിക്കുന്നതെന്നും ബുദ്ധിക്ക് വികാസം ലഭിക്കുന്നതെന്നും പിശാചിനറിയാം. അതുകൊണ്ട് തന്നെ വിശ്വാസിയെ തന്റെ ചെയ്തികളെക്കുറിച്ച് ബോധമില്ലാത്ത അശ്രദ്ധരുടെ പട്ടികയിൽ പ്രവേശിപ്പിക്കാൻ പിശാച് അത്യാഗ്രഹമുള്ളവനാണ്. അല്ലാഹു പറയുന്നു: 'പിശാച് അവരെ കീഴടക്കിവെക്കുകയും അങ്ങനെ അല്ലാഹുവെപ്പറ്റിയുള്ള ഉൽബോധനം അവർക്ക് വിസ്മരിപ്പിച്ചുകളയുകയും ചെയ്തിരിക്കുന്നു. അക്കൂട്ടരാകുന്നു പിശാചിന്റെ കക്ഷി. അറിയുക; തീർച്ചയായും പിശാചിന്റെ കക്ഷി തന്നെയാകുന്നു നഷ്ടക്കാർ' (മുജാദില: 19).

അല്ലാഹു പറയുന്നു: 'പരമ കാരുണ്ണികന്റെ ഉൽബോധനത്തിന്റെ നേർക്ക് വല്ലവനും അന്ധത നടിക്കുന്ന പക്ഷം അവന്നു നാം ഒരു പിശാചിനെ ഏർപ്പെടുത്തിക്കൊടുക്കും. എന്നിട്ട് (അവൻ) പിശാച് അവന്ന് കൂട്ടാളിയായിരിക്കും. തീർച്ചയായും അവർ (പിശാചുക്കൾ) അവരെ സന്മാർഗ്ഗത്തിൽ നിന്ന് തടയും തങ്ങൾ സന്മാർഗ്ഗം പ്രാപിച്ചവരാണ് എന്ന് അവർ വിചാരിക്കുകയും ചെയ്യും' (സുഖ്റുഫ്: 36,37).

**8) നമസ്കാരം ഉപേക്ഷിക്കൽ, അതിൽ അശ്രദ്ധ കാണിക്കൽ:**

ഇസ്ലാമിക സ്തംഭങ്ങളിൽ കർമ്മപരമായ ആരാധനകളിൽ ഏറ്റവും മഹത്തായതും, അല്ലാഹുവിനെ സ്മരിക്കാനുള്ള മാർഗ്ഗങ്ങളിൽ ഏറ്റവും ഉദാത്തമായതുമായതാണ് നമസ്

കാരം എന്നതിനാൽ, വിശ്വാസികളെ അതിൽ നിന്നും തടയാൻ പിശാച് അങ്ങേയറ്റം ആർത്തി കാണിച്ചു. അങ്ങനെ അനേകം പേർ പൂർണ്ണമായി നമസ്കാരം ഒഴിവാക്കുന്നവരായി. മറ്റു പലരെയും അതിന്റെ സമയ നിഷ്ഠയിലും, നിർബന്ധ ഘടകങ്ങളിലും, അതിന്റെ സുന്നത്തുകളിലും, അതിലുള്ള ഭയഭക്തിയിലുമെല്ലാം അശ്രദ്ധ കാണിക്കുന്നവരായി മാറി. അല്ലാഹു പറയുന്നു:

'പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും, ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും, അല്ലാഹുവെ ഓർമ്മിക്കുന്നതിൽ നിന്നും നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽ നിന്ന്) വിരമിക്കുവാനൊരുക്കമുണ്ടോ?' (മാഇദഃ: 91).

അബൂഹുറൈറ (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി (സ) പറഞ്ഞു:

'നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ പിശാച് പിന്തിരിഞ്ഞു പോവും, ബാങ്ക്വിളി കേൾക്കാതിരിക്കാൻ അവൻ ഒരു മോങ്ങൽ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കും. ബാങ്ക് കഴിഞ്ഞാൽ അവൻ മുന്നിട്ടുവരും. നമസ്കാരത്തിനുള്ള വിളി (ഇഖാമത്ത്) ആവർത്തിക്കപ്പെട്ടാൽ അവൻ പിന്തിരിഞ്ഞു പോവും. ഇഖാമത്ത് കഴിഞ്ഞാൽ മുന്നിട്ടുവരും. അങ്ങനെ മനുഷ്യനും അയാളുടെ മനസ്സിനും ഇടയിൽ അപകടമുണ്ടാക്കും. (മനസ്സിൽ തോന്നിപ്പിക്കുമെന്നർത്ഥം, അവൻ പറയും) നീ ഇത് ഓർമ്മിക്ക്, ഇങ്ങനെ ഓർമ്മിക്ക്. അവൻ അതുവരെ ഓർമ്മിച്ചിരുന്നിട്ടില്ലാത്തത് (അവന്റെ മനസ്സിലേക്ക് കൊണ്ടുവരും). അങ്ങനെ, താൻ എത്ര നമസ്കരിച്ചുവെന്ന് അയാൾക്ക് ഓർമ്മയുണ്ടാവുകയില്ല' (മുസ്ലിം).

**9) അല്ലാഹുവിന്റെ മേൽ കളവ് ആരോപിക്കൽ:**

അല്ലാഹുവിന്റെ മേൽ കളവ് ആരോപിക്കുക എന്നത് ഏറ്റവും വലിയ തിന്മകളിൽ ഒന്നാണ്. മാത്രമല്ല, ബഹുദൈവ വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും അടിത്തറ തന്നെ അതാണ്. അതാണ് അല്ലാഹു വ്യക്തമാക്കിയത്:

**10) ത്വാഗൂത്തിലേക്ക് വിധി തേടിപ്പോവൽ:**

അല്ലാഹു പറയുന്നു: 'നിനക്ക് അവതരിപ്പിക്കപ്പെട്ടതിലും നിനക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ജൽപ്പിക്കുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ? ദുർമൂർത്തികളുടെ അടുത്തേക്ക് വിധി തേടിപ്പോകുവാനാണ് അവരുദ്ദേശിക്കുന്നത് വാസ്തവത്തിൽ ദുർമൂർത്തികളെ അവിശ്വസിക്കുവാനാണ് അവർ കൽപ്പിക്കപ്പെട്ടിട്ടുള്ളത്. പിശാചവരെ ബഹുദൂരം വഴിതെറ്റിക്കുവാനുദ്ദേശിക്കുകയാണ്' (നിസാഅ്: 60).

**11) അസത്യത്തെ സത്യമാക്കി പ്രദർശിപ്പിക്കൽ:**

പിശാച് ശപിക്കപ്പെടുകയും അല്ലാഹുവിന്റെ കാരുണ്യത്തിൽ നിന്ന് ആട്ടപ്പെടുകയും ചെയ്ത ശേഷം ഇക്കാര്യം വ്യക്തമാക്കിപ്പറയുകയുണ്ടായി, ഖുർആൻ പറയുന്നു:

'അവൻ പറഞ്ഞു: 'എന്റെ രക്ഷിതാവേ, നീ എന്നെ വഴികേടിലാക്കിയതിനാൽ, ഭൂലോകത്ത് അവർക്ക് ഞാൻ (ദുഷ്പ്രവൃത്തികൾ) അലംകൃതമായി തോന്നിക്കുകയും അവരെ മുഴുവൻ ഞാൻ വഴികേടിലാക്കുകയും ചെയ്യും; തീർച്ച' ഹിജ്ർ: 39).

ബദ്ർ യുദ്ധ ദിവസം തങ്ങളുടെ ദുഷിച്ച പ്രവർത്തനങ്ങളെയും, അല്ലാഹുവിലുള്ള അവിശ്വാസത്തെയും, അവന്റെ ദൂതനോട് യുദ്ധത്തിനായുള്ള പുറപ്പാടും അവിശ്വാസികൾക്കവൻ ഭംഗിയാക്കിക്കാണിച്ചു കൊടുത്തു. അല്ലാഹു പറയുന്നു:

'ഇന്ന് ജനങ്ങളിൽ നിങ്ങളെ തോൽപ്പിക്കാൻ ആരുംതന്നെയില്ല. തീർച്ചയായും ഞാൻ നിങ്ങളുടെ സംരക്ഷകനായിരിക്കും' എന്ന് പറഞ്ഞുകൊണ്ട് പിശാച് അവർക്ക് അവരുടെ ചെയ്തികൾ ഭംഗിയായ തോന്നിച്ച സന്ദർഭവും (ഓർക്കുക). അങ്ങനെ ആ രണ്ടു സംഘങ്ങൾ അന്യോന്യം കണ്ടുമുട്ടിയപ്പോൾ, 'എനിക്കു നിങ്ങളുമായി ഒരു ബന്ധവുമില്ല, തീർച്ചയായും നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നുണ്ട്. തീർച്ചയായും ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു, അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനത്രെ' എന്ന് പറഞ്ഞുകൊണ്ട് അവൻ (പിശാച്) പിന്മാറിക്കളഞ്ഞു' (അൻഫാൽ: 48).

കഠിന ഹൃദയരെക്കുറിച്ചുള്ള പരാമർശത്തിൽ അല്ലാഹു പറയുന്നു: 'അങ്ങനെ അവർക്ക് നമ്മുടെ ശിക്ഷ വന്നെത്തിയപ്പോൾ അവരെന്താണ് താഴ്മയുള്ളവരാകാതിരുന്നത്? എന്നാൽ അവരുടെ ഹൃദയങ്ങൾ കടുത്തുപോകുകയാണുണ്ടായത്. അവർ ചെയ്തുകൊണ്ടിരുന്നത് പിശാച് അവർക്ക് ഭംഗിയായി തോന്നിക്കുയും ചെയ്തു' (അൻആം: 43).

**12) മനുഷ്യരെ ഉപദ്രവിക്കൽ:**

പാപങ്ങളും ദൈവത്തെക്കുറിച്ച ബോധമില്ലായ്മയും കാരണമായി അധിക മനുഷ്യരും പിശാചിന്റെ ചൊൽപ്പടിക്ക് വിധേയമാവുന്നു. പിശാചിന്റെ സ്പർശവും ബാധയും ഏൽക്കുമ്പോൾ അവന്റെ ഉപദ്രവം അതിന്റെ ഉച്ചിയിൽ എത്തുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ മനുഷ്യൻ പിശാചിന്റെ സേവകനായി മാറുന്നു. അല്ലാഹു പറയുന്നു: 'പലിശ തിന്നുന്നവൻ പിശാച് ബാധ ഏറ്റവൻ എഴുന്നേൽക്കുന്നത് പോലെയല്ലാതെ എഴുന്നേൽക്കുകയില്ല' (ബഖറ: 275)

പിശാച് മനുഷ്യനെ ബാധിക്കുന്നത് പലപ്പോഴും അവനിൽ രോഗങ്ങളുണ്ടാക്കാൻ കാരണമാവുമത്രെ. സൂറത്തു സ്വാദി ലെ ഈ ഖുർആൻ വചനം അതിനുള്ള പ്രമാണമാകാവുന്ന താണ്. അല്ലാഹു പറയുന്നു:

'നമ്മുടെ ദാസനായ അയ്യൂബിനെ ഓർമ്മിക്കുക. 'പിശാച് എനിക്ക് അവശതയും പീഠനവും ഏൽപ്പിച്ചിരിക്കുന്നു' എന്ന് തന്റെ രക്ഷിതാവിനെ വിളിച്ച് അദ്ദേഹം പറഞ്ഞ സന്ദർഭം' (സ്വാദ്: 41). നബി (സ) പറയുകയുണ്ടായി:

'പിശാചുക്കളിൽ നിന്നുമുള്ള, നിങ്ങളുടെ ശത്രുക്കളുടെ കുന്തം കൊണ്ടുള്ള കുത്താണ് കോളറ. അതാവട്ടെ നിങ്ങൾ ക്ക് രക്തസാക്ഷിത്വവുമാണ്' (ഹാകിം).

**13) കോപം, ധൃതി:**

കോപവും ധൃതിയും പിശാചിൽ നിന്നുള്ളതാണ്. നബി(സ) പറഞ്ഞു: ( أبوداود ) ( إن الغضب من الشيطان ) "നിശ്ചയം, കോപം പിശാചിൽ നിന്നുള്ളതാണ്' (അബൂദാവൂദ്).

മൂസാ (അ) തന്റെ ശത്രുവിനെ കൊലപ്പെടുത്തിയതിൽ ഖേദി ച്ചുവെന്ന് ഖുർആൻ ഉദ്ദരിക്കുന്നു. കാരണം അപ്രകാരം സംഭ വിച്ചത് കോപാവസ്ഥയിലായിരുന്നു.

ഇബ്നുൽ ജൗസി പറയുന്നു: 'പിശാചിനോട് ചോദിക്കപ്പെ ട്ടു: 'മനുഷ്യന്റെ ഏത് സ്വഭാവമാണ് നിനക്ക് കൂടുതൽ സഹാ യകരമായിട്ടുള്ളത്? അപ്പോഴവൻ പറഞ്ഞു: 'മൂർച്ച– അഥവാ കാഠിന്യവും കോപവുമാണ്, മനുഷ്യൻ കഠിനനും കോപിഷ്ഠ നുമാവുമ്പോൾ, കുട്ടികൾ പന്തു മറിക്കുന്നതു പോലെ നാം അവനെ മറിക്കും'. എന്നാൽ ധൃതിയെക്കുറിച്ച് നബി (സ) പറ യുകയുണ്ടായി: 'സാവകാശം അല്ലാഹുവിൽ നിന്നുള്ളതാണ്, ധൃതി പിശാചിൽ നിന്നും' (തുർമുദി).

**14) മരണവേളയിൽ കുഴപ്പത്തിലാക്കൽ:**

കർമ്മങ്ങളുടെ അന്ത്യത്തിന്റെ സ്വഭാവം അതിന്റെ സ്വീകാര്യതക്കുള്ള പ്രധാന ഘടകങ്ങളിൽ ഒന്നാണെന്നതിനാൽ, മനുഷ്യൻ ശുഭ പര്യവസാനിയാവരുതെന്ന് പിശാചിന് അത്യാഗ്രഹമുണ്ട്. അങ്ങനെ മോശമായ മരണത്തിന് വിധേയമാവുന്നതു വരെ മരണവേളയിൽ അവനെ കുഴപ്പത്തിലാക്കിക്കൊണ്ടേയിരിക്കും. അതുകൊണ്ട് തന്നെ നബി (സ) ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു:

'അല്ലാഹുവേ, വീണുമരണം, പൊളിഞ്ഞുവീണുള്ള മരണം, മുങ്ങി മരണം, തീ പിടിച്ചുള്ള മരണം എന്നിവയിൽ നിന്നെല്ലാം ഞാൻ നിന്നോട് ശരണം തേടുന്നു. മരണ നേരത്ത് പിശാച് എന്നെ അതി ജയിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു' (തുർമുദി).

അതിനാൽത്തന്നെ, പിശാചിന്റെ വഞ്ചനകളിൽ നിന്ന് അല്ലാഹു രക്ഷ നൽകേണ്ടതിന്ന് ഐഹിക ലോകത്ത് തന്റെ കർമ്മങ്ങൾ നന്നാക്കൽ ഒരു മുസ്‌ലിമിന്ന് നിർബന്ധമാണ്. കാരണം മനുഷ്യൻ താൻ ജീവിക്കുന്നതായ അവസ്ഥയിൽത്തന്നെയാണ് മരണപ്പെടുക. അങ്ങനെ, സൂക്ഷ്മത പാലിച്ചു ജീവിച്ച മനുഷ്യനാണെങ്കിൽ അതേ അവസ്ഥയിൽ അവൻ മരണപ്പെടാൻ ഇടയാകും. അതേ സമയം അതിരു കവിഞ്ഞു ജീവിച്ച വ്യക്തിയാണെങ്കിൽ പിശാച് അവനെ മരണവേളയിൽ അവനെ പിഴപ്പിക്കുകയും നല്ല മരണത്തിൽ നിന്നും അവനെ തെറ്റിച്ചുവിടുകയും ചെയ്യും.

**15) സ്ത്രീകളെ നാശ ഹേതുവാക്കൽ:**

ശപിക്കപ്പെട്ട പിശാചിന്റെ സൈന്യത്തിലെ പ്രധാന ഘടകമാണ് അഴിഞ്ഞാടി ജീവിക്കുന്ന സ്ത്രീകൾ. നാശവും മ്ലേച്ഛത

യും വ്യാപിപ്പിക്കാനായി അവനവളെ ദുരുപയോഗപ്പെടുത്തുന്നു. അതുകൊണ്ടാണ് നബി (സ) പറഞ്ഞത്:

'സ്ത്രീ നഗ്നതയാകുന്നു, അവൾ പുറപ്പെട്ടുപോയാൽ പിശാച് അവളെ സ്വാധീനിക്കുന്നു' (തുർമുദി).

സ്ത്രീകളെക്കൊണ്ടുള്ള കുഴപ്പസാധ്യതയുടെ ആധിക്യത്താലാണ് നബി (സ) അക്കാര്യത്തിൽ ഇപ്രകാരം ജാഗ്രതപ്പെടുത്തിയത്. അദ്ദേഹം പറഞ്ഞു:

'ഇഹലോകം മധുരതരവും ഹരിത വർണ്ണവുമാണ്, നിങ്ങൾ എപ്രകാരം പ്രവർത്തിക്കുന്നുവെന്ന് കണ്ടറിയുവാനായി തീർച്ചയായും അല്ലാഹു നിങ്ങളെ അതിൽ പ്രതിനിധികളാക്കിയിരിക്കുന്നു. അതിനാൽ ഇഹലോകത്തെ നിങ്ങൾ സൂക്ഷിക്കുക, സ്ത്രീകളുടെ കാര്യത്തിലും നിങ്ങൾ ജാഗ്രത പാലിക്കുക. കാരണം, ബനൂ ഇസ്റാഈല്യരിലെ ആദ്യ കുഴപ്പം സ്ത്രീകളിലൂടെയായിരുന്നു' (മുസ്ലിം).

ഇബ്നു അബ്ബാസ് (റ) പറയുന്നു: 'മുൻ കാലക്കാരിൽ സത്യ നിഷേധമുണ്ടായത് സ്ത്രീകളുടെ ഭാഗത്തു നിന്നായിരുന്നു. വരും തലമുറകളുടെ സത്യ നിഷേധവും സ്ത്രീകളുടെ ഭാഗത്തു നിന്നായിരിക്കും'.

**16) ഭാര്യാ ഭർത്താക്കന്മാരെ ഭിന്നിപ്പിക്കൽ:**

കുടുംബങ്ങളെ ചിന്നഭിന്നമാക്കുക, സന്താനങ്ങളെ തമ്മിലടിപ്പിക്കുക, നല്ല രൂപത്തിൽ മുന്നോട്ടു നീങ്ങുന്ന വീടുകളിലെ സമാധാനാന്തരീക്ഷം തകർക്കുക തുടങ്ങിയവയെല്ലാം തന്നെ പിശാചിന്റെ ലക്ഷ്യങ്ങളാണ്. അതുകൊണ്ടുതന്നെ ഭാര്യാ ഭർത്താക്കന്മാരെ തമ്മിൽ തെറ്റിക്കാനും തന്റെ ലക്ഷ്യം നേടാനുമുള്ള ഒരു പ്രയത്നത്തിലും അവൻ ലോഭം കാണിക്കുക

യില്ല. ജാബിർ ബ്നു അബ്ദില്ല (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു:

'പിശാച് തന്റെ സിംഹാസനം വെള്ളത്തിന് മീതെ വെക്കും, ശേഷം അവന്റെ സൈന്യത്തെ അവൻ അയക്കും, അങ്ങനെ അവരിൽ ഏറ്റവും നിന്ദ്യനും ഏറ്റവും കുഴപ്പക്കാരനുമായിട്ടുള്ളവൻ അവരിലെ ഒരുത്തന്റെ അടുക്കൽ ചെല്ലുകയും ഇപ്രകാരം പറയുകയും ചെയ്യും: 'ഞാൻ ഇന്നതുമിന്നതുമെല്ലാം ചെയ്തു. അപ്പോളവൻ പറയും: 'താൻ ചെയ് തത് ഒന്നുമല്ല'. പിന്നീടവൻ അവരിൽ മറ്റൊരുത്തന്റെ അടുക്കൽ ചെല്ലും. അവൻ പറയും: 'ആ മനുഷ്യനെയും അയാളുടെ ഭാര്യയെയും തമ്മിൽ തെറ്റിക്കുന്നതു വരെ ഞാനവരെ വെറുതെ വിട്ടില്ല'. നബി (സ) പറയുന്നു: 'അപ്പോൾ അവൻ ഈ പിശാചിന്റെ അടുത്തേക്ക് ചെന്നു കൊണ്ട് പറയും: 'അതെ, നീ തന്നെയാണ് (സിംഹാസനത്തിലേറാൻ അർഹൻ) (മുസ്‌ലിം).

## كيف تنجو من الشيطان

## പിശാചിൽ നിന്നെങ്ങനെ രക്ഷനേടാം?

കണ്ണിമ വെട്ടുന്ന അത്ര സമയം പോലും പിശാച് തന്നെ ഉപേക്ഷിക്കുകയില്ല. അതിനെല്ലാം ഉപരി പ്രവാചകൻ (സ) യിൽ നിന്നും സ്ഥിരപ്പെട്ട് വന്ന പോലെ അവൻ എന്നിൽ രക്തം സഞ്ചരിക്കുന്നേടത്തുകൂടിയെല്ലാം സഞ്ചരിക്കുകയും ചെയ്യുന്നു. എന്നിരിക്കെ, എങ്ങനെയാണ് അവന്റെ ദുർമന്ത്രണത്തിൽ നിന്നും അവന്റെ തന്ത്രങ്ങളിൽ നിന്നും സൂത്രവേലകളിൽ നിന്നും ഞാൻ രക്ഷപ്പെടുകയെന്ന് ചിലർ ചോദിക്കുന്നു.

ഇതാണ് അവസ്ഥയെങ്കിൽ എനിക്കെങ്ങനെ രക്ഷപ്പെടാം? ഒരുവേള ഞാൻ അവനെ അതിജയിച്ചുവെന്നാൽ തന്നെയും, വീണ്ടുമവൻ ആയിരം പ്രാവശ്യം എന്നെ കുഴപ്പത്തിലാക്കും. അവന്റെ വഞ്ചനയെയും കബളിപ്പിക്കലിനെയും എനിക്കെങ്ങനെ ചെറുത്തു നിൽക്കാൻ കഴിയും?.

ഹ്രസ്വവും ദീർഘവുമായ ഉത്തരം ഇതിനു പറയാം. അല്ലാഹുവിലുള്ള വിശ്വാസം, തൗഹീദിലധിഷ്ഠിതമായ ആരാധനകൾ, അധികരിച്ച ദൈവ സ്മരണ, അവന്റെ ഗ്രന്ഥം പാരായണം ചെയ്യൽ, അവന്റെ ദൂതനെ പിൻപറ്റൽ, കൽപ്പിക്കപ്പെട്ടത് പ്രവർത്തിക്കൽ, വിരോധിക്കപ്പെട്ടത് വെടിയൽ, അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങൽ, മരണത്തിനു മുമ്പായി ചെറുതും വലുതുമായ ഓരോ കാര്യങ്ങളെക്കുറിച്ചും ആത്മ വിചാരണ നടത്തൽ എന്നിവ കൊണ്ടെല്ലാം തീർച്ചയായും മനുഷ്യന് പിശാചിനെ അതിജയിക്കാൻ സാധിക്കും. ഇതാണ് ഹ്രസ്വമായ ഉത്തരം. എന്നാൽ ഇക്കാര്യം വിശദീകരിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ നാം ഉൾക്കൊള്ളേണ്ടതുണ്ട്.

**1) അല്ലാഹുവിലുള്ള വിശ്വാസം:**

യഥാർത്ഥ ദൈവ വിശ്വാസമാണ് എല്ലാ വിധ കഷ്ടതകളിൽ നിന്നും സംരക്ഷിക്കുന്നതും, എല്ലാ ഭയങ്ങളിൽ നിന്നും മോചനം തരുന്നതും. അല്ലാഹു പറയുന്നു:

'എന്നിട്ട് ആർ വിശ്വസിക്കുകയും നിലപാട് നന്നാക്കിത്തീർക്കുകയും ചെയ്തുവോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല' (അൻആം: 48).

എല്ലാവിധ വിഷമങ്ങളിൽ നിന്നും വിശ്വാസികളെ സംരക്ഷിക്കുമെന്നതിൽ അല്ലാഹു പറയുന്നു:

'നമ്മുടെ കൽപന വന്നപ്പോൾ ഹൂദിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ കാരുണ്യം കൊണ്ട് നാം രക്ഷിച്ചു' (ഹൂദ്: 58). അല്ലാഹു പറയുന്നു:

'അങ്ങനെ നമ്മുടെ കൽപന വന്നപ്പോൾ സ്വാലിഹിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ കാരുണ്യം കൊണ്ട് നാം രക്ഷപ്പെടുത്തി' (ഹൂദ്: 66). അല്ലാഹു പറയുന്നു:

'നമ്മുടെ കൽപന വന്നപ്പോൾ ശുഐബിനെയും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരെയും നമ്മുടെ കാരുണ്യം കൊണ്ട് നാം രക്ഷപ്പെടുത്തി' (ഹൂദ്: 94).

അപ്പോൾ വിശ്വാസികളും സൂക്ഷ്മത പാലിക്കുന്നവരുമായ ആളുകളെ പിശാചിന്റെ തന്ത്രങ്ങളൊന്നും തന്നെ ദോഷകരമായി ബാധിക്കില്ല എന്നർത്ഥം. കാരണം, അവർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും പിശാചിനെ ശത്രുവായി കാണുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

﴿ إِنَّ ٱلشَّيْطَٰنَ لِلْإِنسَٰنِ عَدُوٌّ مُّبِينٌ ﴾ ( يوسف : ٥ )

'തീർച്ചയായും പിശാച് നിങ്ങളുടെ വ്യക്തമായ ശത്രുവാകുന്നു' (യൂസുഫ്: 5)

**2) ആത്മാർത്ഥത:**

സദ്വൃത്തരായ ആളുകളുടെ അടുക്കൽ പിശാച് സമീപിക്കുന്നത് ചിലപ്പോൾ അവരുടെ ഉദ്ദേശ്യത്തിൽ (നിയ്യത്ത്) കളങ്കമുണ്ടാക്കിക്കൊണ്ടായിരിക്കും. അങ്ങനെ തന്റെ കർമ്മങ്ങൾ മറ്റുള്ളവർ കാണുന്നതിനെ ഉത്തമമായി അവന് തോന്നിപ്പിച്ചു കൊടുക്കുന്നു. കർമ്മങ്ങളെ അല്ലാഹുവല്ലാത്തവരുടെ മുമ്പിൽ പ്രകടിപ്പിക്കുന്നതിനെ ഭംഗിയാക്കി കാണിക്കുകയും അയാ

ളെ പ്രവർത്തനങ്ങളെ പാഴാക്കിക്കളയുന്നതും, ശിക്ഷ നിർബന്ധമാക്കുന്നതുമായ 'രിയാഉ'ൽ (ലോകരെ കാണിക്കൽ) വീഴ്ത്തുകയും ചെയ്യുന്നു. പിശാച് മനുഷ്യനെ കീഴ്പ്പെടുത്തുന്നതിലേക്കും അതിജയിക്കുന്നതിലേക്കും ഇതു കൊണ്ടു ചെന്നെത്തിക്കുകയും ചെയ്യുന്നു.

## قصة عجيبة

## ആശ്ചര്യകരമായൊരു കഥ

ഇബ്നുൽ ജൗസി (റ) തന്റെ 'തൽബീസു ഇബ്ലീസ്' എന്ന കൃതിയിൽ ഹസനിൽ നിന്നും ഉദ്ദരിക്കുന്നു, അദ്ദേഹം പറയുന്നു:

ഒരിടത്ത് അല്ലാഹുവിന്ന് പുറമെ ജനങ്ങൾ ആരാധനയർപ്പിച്ചിരുന്ന ഒരു വൃക്ഷമുണ്ടായിരുന്നു. ഇതിനോട് വെറുപ്പുണ്ടായിരുന്ന ഒരു മനുഷ്യൻ ഒരിക്കൽ അവിടെ വന്നു. 'ഞാൻ ഈ മരം മുറിക്കുക തന്നെ ചെയ്യും' അയാൾ ആത്മഗതം ചെയ്തു. അല്ലാഹുവിന്ന് പുറമെ ആരാധിക്കപ്പെടുന്നതിലുള്ള രോഷത്തിൽ അത് മുറിക്കാനായി അയാൾ ഒരുങ്ങി. അന്നേരം ഒരു മനുഷ്യ രൂപത്തിൽ ഇബ്ലീസ് അയാളുടെ അടുക്കലെത്തി. അവൻ ചോദിച്ചു: 'താൻ ഇവിടെ എന്തു ചെയ്യുവാൻ പോകുന്നു'?. അയാൾ പറഞ്ഞു: 'അല്ലാഹുവിന്ന് പുറമെ ആരാധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ വൃക്ഷത്തെ ഞാൻ മുറിച്ചു കളയുകയാണ്'. അവൻ പറഞ്ഞു: 'നീ ആ വൃക്ഷത്തെ ആരാധിക്കുന്നില്ലെങ്കിൽ വേണ്ട, എങ്കിലും അതിനെ ആരാധിക്കുന്നവർ നിനക്ക് യാതൊരു ഉപദ്രവവും ഉണ്ടാക്കുന്നില്ലല്ലോ. എന്നിട്ടുമെന്തിനാണ് നീയത് മുറിക്കുന്നത്?. അയാൾ പറഞ്ഞു: 'ഞാനിത് മുറിക്കുക തന്നെ ചെയ്യും'. അപ്പോൾ പിശാച് ചോദി

ച്ചു: 'അതിനെക്കാൾ പ്രയോജനകരമായ ഒന്ന് നിനക്ക് ഞാൻ പറഞ്ഞുതരാം. നീയത് മുറിക്കരുത്. 'എല്ലാ ദിവസവും നേരം പുലരുമ്പോൾ നിന്റെ തലയിണക്കരികെ രണ്ട് സ്വർണ്ണ നാണയങ്ങൾ നിനക്ക് കാണാം, അത് നിനക്കുള്ളതാണ്'. 'എവിടെ നിന്നാണ് അതെനിക്ക് ലഭിക്കുന്നത്? അയാൾ ചോദിച്ചു. അവൻ പറഞ്ഞു: 'അത് നീ അറിയേണ്ടതില്ല'.

അങ്ങനെ അയാൾ മരം മുറിക്കാതെ തിരിച്ചുപോന്നു. പിറ്റേന്ന് നേരം പുലർന്നപ്പോൾ തന്റെ തലയിണക്കരികെ രണ്ട് സ്വർണ്ണ നാണയങ്ങൾ അയാൾ കണ്ടു. അയാൾ അതെടുത്തു. മരം മുറിക്കാൻ അയാൾ പോയതുമില്ല. പിറ്റേ ദിവസവും നേരം പുലർന്നപ്പോൾ അയാൾ തന്റെ തലയിണക്കരികെ സ്വർണ്ണ നാണയങ്ങളെ പരതി. എന്നാൽ അന്നവിടെ സ്വർണ്ണ നാണയങ്ങൾ ഉണ്ടായിരുന്നില്ല. ഉടനെ രോഷത്തോടെ അയാൾ മരം മുറിക്കാൻ പോവാനായി ചാടിയെഴുന്നേറ്റു. അന്നേരം പിശാച് തന്റെ യഥാർത്ഥ രൂപത്തിൽ അയാളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവൻ ചോദിച്ചു: 'നീ എന്തു ചെയ്യാൻ പോകുന്നു'?. അയാൾ പറഞ്ഞു: 'അല്ലാഹുവിന്ന് പുറമെ ആരാധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ വൃക്ഷം ഞാൻ മുറിക്കുകയാണ്'. പിശാച് പറഞ്ഞു: 'നീ കളവാണ് പറഞ്ഞത്, നിനക്കതിന് സാധ്യമല്ല'. ഉടനെ മരം മുറിക്കാനായി അയാൾ മുന്നോട്ടാഞ്ഞു. അന്നേരം പിശാച് അയാളെ അടിച്ചു തറയിൽ വീഴ്ത്തി. അയാളുടെ കഴുത്തു പിടിച്ചു ഞെക്കി, അയാൾ മരിക്കുമെന്ന നിലയിലായി. പിന്നീട് അവൻ ചോദിച്ചു: 'എടോ ഞാനാരാണെന്ന് നിനക്കറിയുമോ'?, ഞാനാണ് 'ശൈത്വാൻ'. അല്ലാഹുവിന്ന് പുറമെ മറ്റെന്തെങ്കിലും ആരാധിക്കപ്പെടുന്നതിലുള്ള രോഷത്തോടെയാണ് നീ ആദ്യം വന്നത്. അപ്പോൾ നിന്നെ ഒന്നും ചെയ്യാൻ

എനിക്ക് സാധ്യമല്ലായിരുന്നു. അപ്പോൾ കേവലം രണ്ട് സ്വർണ്ണ നാണയങ്ങൾ കൊണ്ട് ഞാൻ നിന്നെ ചതിച്ചു. നീ നിന്റെ ഉദ്യമം ഉപേക്ഷിക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ നീ വന്നിരിക്കുന്നത് സ്വർണ്ണ നാണയങ്ങൾ ലഭിക്കാത്തതിലുള്ള രോഷവുമായാണ്, അതുകൊണ്ട് തന്നെയാണ് നിന്നെ കീഴ്പ്പെടുത്താൻ എനിക്ക് ശക്തി ലഭിച്ചതും'.

**3) പ്രവാചകൻ (സ)യെ പിൻപറ്റൽ:**

പിശാചിന്റെ കെണികളിൽ നിന്ന് രക്ഷ നൽകുന്ന മഹത്തായ കാര്യങ്ങളിലൊന്നാണ് ഖുർആനും പ്രവാചക ചര്യയും പിൻപറ്റൽ. കാരണം, മനുഷ്യനെ അവയിൽ നിന്നകറ്റാൻ പിശാച് അത്യാർത്തിയുള്ളവനാണ്. അതിനാൽ തന്നെ ബിദ്അത്തുകൾ (മതത്തിൽ പുതുതായി ഉണ്ടാക്കപ്പെട്ടത്) പിശാചിന് കുറ്റകൃത്യങ്ങളെക്കാൾ പ്രിയങ്കരമാണ്. സുഫ്‌യാനുഥൗരി പറയുകയുണ്ടായി: 'ബിദ്അത്തുകൾ ഇബ്‌ലീസിന് പാപങ്ങളെക്കാൾ പ്രിയങ്കരമാണ്. കാരണം, പാപങ്ങളിൽ നിന്നും വിശ്വാസി പശ്ചാത്തപിച്ചു മടങ്ങിയേക്കാം, എന്നാൽ (താൻ നല്ലതാണ് പ്രവർത്തിക്കുന്നതെന്ന അബദ്ധ ധാരണയാൽ) ബിദ്അത്തിൽ നിന്നും അവൻ പശ്ചാത്തപിച്ചു മടങ്ങുകയില്ല താനും.

ഫദീലുബ്നു ഇയാദ് പറയുന്നു: 'ബിദ്അത്ത് ചെയ്യുന്നവനെ ആരെങ്കിലും ഇഷ്ടപ്പെട്ടാൽ അവന്റെ കർമ്മങ്ങളെ അല്ലാഹു പൊളിച്ചു കളയുകയും, അവന്റെ ഹൃദയത്തിൽ നിന്നും ഇസ്‌ലാമിന്റെ പ്രകാശം പുറത്തുകളയുകയും ചെയ്തതു തന്നെ. ബിദ്അത്ത് ചെയ്യുന്നവനെ ആരെങ്കിലും സഹായിക്കുന്നുവെങ്കിൽ ഇസ്‌ലാമിനെ തകർക്കാനാണവൻ കൂട്ട് നിൽക്കുന്നത്'.

**4) ആരാധനകൾ ഭംഗിയാക്കൽ, വിശിഷ്യാ നമസ്കാരം:**

ഇസ്‌ലാമിന്റെ നെടും തൂണാണ് നമസ്കാരം. അതുകൊണ്ട് തന്നെ അതിൽ നിന്നും ആളുകളെ തിരിച്ചുവിടുന്നതിനും, അത് ഉപേക്ഷിക്കാനും വീഴ്ച വരുത്തുവാനും പ്രേരിപ്പിക്കുന്നതിലും പിശാച് വളരെയധികം അത്യാർത്തിയുള്ളവനാണ്. അതുകൊണ്ട് തന്നെ ഖുർആനും സുന്നത്തും നമസ്കാരത്തിന്റെ വിഷയത്തിൽ പ്രത്യേകം പ്രേരണ നൽകുന്നതായി കാണാം. അല്ലാഹു പറയുന്നു:

'തങ്ങളുടെ നമസ്കാരത്തിൽ ഭക്തിയുള്ള സത്യ വിശ്വാസികൾ വിജയിച്ചിരിക്കുന്നു' (മുഅ്മിനൂൻ: 1, 2).

ഉഥ്മാനുബ്നു അബിൽ ആസ്വ് നബി (സ)യുടെ അടുക്കൽ വന്നുകൊണ്ട് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ! എനിക്കും എന്റെ നമസ്കാരത്തിലെ പാരായണത്തിനുമിടയിൽ പിശാച് മറയിടുകയും എന്നെ പിഴപ്പിക്കുകയും ചെയ്യുന്നു. അപ്പോൾ നബി (സ) പറഞ്ഞു:

'അത് 'ഖുൻസുബ്' എന്നുപേരായ പിശാചാണ്, അവന്റെ സാമീപ്യം നിനക്ക് അനുഭവപ്പെട്ടാൽ നീ അവനിൽ നിന്നും അല്ലാഹുവോട് ശരണം തേടുകയും, നിന്റെ ഇടതുഭാഗത്തേക്ക് മൂന്ന് പ്രാവശ്യം തുപ്പുകയും ചെയ്യുക'. ഉഥ്മാൻ (റ) പറയുന്നു: 'അങ്ങനെ ഞാനപ്രകാരം ചെയ്തു, എന്നിൽ നിന്നും അല്ലാഹു അവനെ അകറ്റുകയും ചെയ്തു' (മുസ്‌ലിം).

അബൂസഈദുൽ ഖുദ്‌രി (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി (സ) പറഞ്ഞു:

'നിങ്ങൾ ആരെങ്കിലും നമസ്കരിക്കുന്ന അവസരത്തിൽ മുമ്പിലൂടെ വല്ലതും നടന്നുപോകുന്നുവെങ്കിൽ അവനതിനെ തടയട്ടെ, വിസമ്മതിക്കുന്നുവെങ്കിൽ വീണ്ടും തടയട്ടെ, പിന്നെ

യും വിസമ്മതിക്കുന്ന പക്ഷം അതിനുനേരെ ആയുധമെടുക്കട്ടെ, കാരണം അത് പിശാചാണ് (ബുഖാരി, മുസ്‌ലിം).

## كثرة السجود

## സുജൂദ് അധികരിപ്പിക്കൽ

വിശ്വാസിയായ ഓരോ അടിമയും അല്ലാഹുവിന്നു വേണ്ടിയുള്ള നമസ്കാരവും സുജൂദും ധാരാളമായി നിർവ്വഹിക്കേണ്ടതാണ്. കാരണം അത് പിശാചിനെ നിന്ദിക്കലും അവന്റെ ശക്തി ക്ഷയിപ്പിക്കലും അവനെ ദുഃഖിപ്പിക്കലുമാണ്. അബൂഹുറൈറ (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു:

'മനുഷ്യൻ സുജൂദിന്റെ (വചനങ്ങൾ) പാരായണം ചെയ്യുകയും എന്നിട്ട് സുജൂദ് ചെയ്യുകയും ചെയ്താൽ പിശാച് കരഞ്ഞുകൊണ്ട് അവിടെ നിന്നും ഒഴിഞ്ഞുപോവുന്നതാണ്. അവൻ പറയും: 'എന്റെ നാശമേ! ആദമിന്റെ മക്കൾ സുജൂദ് ചെയ്യാൻ കൽപ്പിക്കപ്പെട്ടപ്പോൾ സുജൂദ് ചെയ്തു, അതിന്നവന്ന് പ്രതിഫലമായി സ്വർഗ്ഗം ലഭിക്കുന്നു. സുജൂദ് ചെയ്യാൻ എന്നോട് കൽപ്പിക്കപ്പെട്ടപ്പോൾ ഞാൻ വിസമ്മതിച്ചു, അതിനെനിക്കുള്ള പ്രതിഫലം നരകമാണ് (മുസ്‌ലിം).

## سجود السهو

## മറവിയുടെ സുജൂദ്

അപ്രകാരം തന്നെ മറവിയുടെ സുജൂദിലും പിശാചിനെ നിന്ദിക്കലുണ്ട്. കാരണം, മനുഷ്യന്റെ നമസ്കാരം പിഴപ്പിക്കാൻ അവൻ അങ്ങേയറ്റം ആർത്തനായിരുന്നു. സുജൂദ് ആ മറ

വിയെ പരിഹരിക്കുകയും കുറവ് നികത്തുകയും ചെയ്തു. ഇത് പിശാചിന് അങ്ങേയറ്റം ഖേദമുണ്ടാക്കുന്നതാണ്. അബൂ സഈദുൽ ഖുദ്രി (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി (സ) പറഞ്ഞു:

'നിങ്ങൾക്കാർക്കെങ്കിലും നമസ്കാരത്തിൽ സംശയം ജനിക്കുകയും, താൻ നമസ്കരിച്ചത് മൂന്നോ നാലോ എന്ന് നിശ്ചയമില്ലാതാവുകയും ചെയ്താൽ, അവൻ സംശയമുള്ളത് ഒഴിവാക്കുകയും ഉറപ്പുള്ളത് സ്വീകരിക്കുകയും, ശേഷം സലാം വീട്ടുന്നതിന് മുമ്പായി രണ്ട് സുജൂദുകൾ നിർവ്വഹിക്കുകയും ചെയ്യട്ടെ. അവൻ നമസ്കരിച്ചത് അഞ്ച് റക്അത്തായിട്ടുണ്ടെങ്കിൽ അവന്റെ നമസ്കാരം അവന്ന് വേണ്ടി ശുപാർശ ചെയ്യും, അവൻ നമസ്കരിച്ചത് നാലാം റക്അത്ത് പൂർത്തിയാക്കലായിരുന്നുവെങ്കിൽ അത് മുഖേന പിശാചിനെ പരാജയപ്പെടുത്തുകയും ചെയ്തു' (മുസ്‌ലിം).

## حل عقد الشيطان

## പൈശാചിക ബന്ധനം അഴിക്കൽ

മനുഷ്യന്റെ ഉറക്കവേളയിൽ പിശാച് അവന്റെ അടുക്കൽ വരുമെന്നും ഗാഢമായി ഉറങ്ങാൻ അവനെ പ്രേരിപ്പിക്കുമെന്നും നബി (സ) പറയുകയുണ്ടായി. പിശാച് മനുഷ്യനെ മൂന്ന് പൈശാചിക ബന്ധനത്തിൽ കുരുക്കിയിടുന്നതാണ്. അവൻ എഴുന്നേൽക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം പിശാച് അവന്നത് ഭാരമാക്കി തോന്നിക്കുന്നു. അങ്ങനെ രാത്രി നമസ്കാരത്തിന്റെയും ദൈവ സ്മരണയുടെയും സമയം പ്രതിഫലം അവന്ന് നഷ്ടപ്പെടുത്തുന്നു. അനസ് (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു:

'നിങ്ങളൊരാൾ ഉറങ്ങുന്ന വേളയിൽ നിങ്ങളുടെ മൂർദ്ധാവിൽ പിശാച് മൂന്ന് കെട്ട് ഇടുന്നതാണ്. ഓരോ കെട്ടിന്റെ സ്ഥാനത്തും അടിച്ചുകൊണ്ടവൻ പറയും: 'രാത്രി സുദീർഘമാണ്, ഇനിയും നിനക്കുറങ്ങാം. അന്നേരം അവൻ ഉണരുകയും അല്ലാഹുവെ സ്മരിക്കുകയും ചെയ്താൽ അവനിലെ കെട്ട് അഴിയും. അവൻ വുദു ചെയ്താൽ അവനിലെ അടുത്ത കെട്ടും അഴിയും. അവൻ നമസ്കരിച്ചാൽ പിശാചിന്റെ എല്ലാ ബന്ധനത്തിൽ നിന്നും അവൻ മുക്തനാവും. ഈ അവസ്ഥയിൽ അവൻ ഉന്മേഷവാനും മനഃശുദ്ധിയുള്ളവനുമായാണ് പ്രഭാതം പുൽകുന്നത്. അല്ലാത്ത പക്ഷം മ്ലേച്ഛ മനസ്കനും മടിയനുമായാണവൻ നേരം പുലരുക' (ബുഖാരി, മുസ്‌ലിം).

**5) അല്ലാഹുവിലേക്ക് അഭയം തേടൽ:**

അല്ലാഹു പറയുന്നു: 'നിങ്ങളെ ശുദ്ധീകരിക്കുന്നതിനും, നിങ്ങളിൽ നിന്ന് പിശാചിന്റെ ദുർബോധനം നീക്കിക്കളയുന്നതിനും, നിങ്ങളുടെ മനസ്സുകൾക്ക് കെട്ടുറപ്പ് നൽകുന്നതിനും, പാദങ്ങൾ ഉറപ്പിച്ചുനിറുത്തുന്നതിനും വേണ്ടി അവൻ നിങ്ങളുടെ മേൽ ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞു തന്നിരുന്ന സന്ദർഭവും (ഓർക്കുക)' (അൻഫാൽ: 11).

അല്ലാഹുവാണ് പൈശാചിക പ്രേരണകളിൽ നിന്നും അവന്റെ കുടില തന്ത്രങ്ങളിൽ നിന്നും തന്റെ അടിമകളെ കാത്തു രക്ഷിക്കുന്നത്. അതിനാൽ, ഈ മ്ലേച്ഛനായ ശത്രുവിനെ പരാജയപ്പെടുത്താൻ ഉതകുന്ന സഹായവും ശക്തിയും അവനോട് ചോദിക്കുക എന്നതാണ് ഒരു വിശ്വാസിയുടെ ബാധ്യത.

**6) ദൈവ ഭക്തി:**

ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നുമുള്ള പിശാചുക്കളെ പ്രതിരോധിക്കാനുതകുന്ന മഹത്തായ കാര്യങ്ങളിലൊ

ന്നാണ് ദൈവ ഭക്തി. തഖ്‌വ കൈക്കൊള്ളുന്നതിലൂടെയാണ് വിജയമെന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അവൻ പറയുന്നു:

'നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം അവരുടെ കുതന്ത്രം നിങ്ങൾക്ക് ഒരു ഉപദ്രവവും വരുത്തുകയില്ല. തീർച്ചയായും അല്ലാഹു അവരുടെ പ്രവർത്തനങ്ങളുടെ എല്ലാ വശവും അറിയുന്നവനാകുന്നു' (ആലു ഇംറാൻ: 120). ഭയഭക്തിയുള്ളവരോടൊപ്പമാണ് അല്ലാഹുവെന്ന് ഖുർആൻ പറയുന്നു:

﴿ إِنَّ ٱللَّهَ مَعَ ٱلَّذِينَ ٱتَّقَوا۟ وَّٱلَّذِينَ هُم مُّحْسِنُونَ ﴾ ( النحل : ١٢٨ )

'തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു. സദ്‌വൃത്തരായിട്ടുള്ളവരോടൊപ്പവും' (നഹ്‌ൽ: 128).

അല്ലാഹുവിന്റെ സഹായം കൂടെയുള്ളവനെ ജിന്നുകളിലും മനുഷ്യരിലും പെട്ട ആർക്കും യാതൊരു ഉപദ്രവും വരുത്തുവാൻ സാധ്യമാവുകയില്ല തന്നെ. അല്ലാഹു എന്ത് ഉദ്ദേശിക്കുന്നുവോ അതല്ലാതെ. നബി (സ) പറഞ്ഞു:

'നീ അല്ലാഹുവെ സൂക്ഷിക്കുക, എന്നാൽ അല്ലാഹു നിന്നെയും കാത്തുസൂക്ഷിക്കും. നീ അല്ലാഹുവെ സൂക്ഷിക്കുക, എന്നാൽ നിനക്കവനെ നിന്റെ മുമ്പിൽ കണ്ടെത്താം' (തുർമുദി).

ഇവിടെ നമുക്ക് വ്യക്തമാവുന്നത്, തഖ്‌വയുടെ ആളുകളാണ് മനുഷ്യരിലും ജിന്നുകളിലും പെട്ട പിശാചുക്കളിൽ നിന്നും രക്ഷ ലഭിക്കുന്നവരെന്നാണ്. അവരാണ് വിജയികൾ, അവരാണ് നേട്ടം കൈവരിച്ചവർ, ഇഹത്തിലും പരത്തിലും സൗഭാഗ്യം കരസ്ഥമാക്കിയവർ. അല്ലാഹു പറയുന്നു:

'അതുകൊണ്ട് ക്ഷമിക്കുക. തീർച്ചയായും അനന്തരഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും' (ഹൂദ്: 49).

**7) പിശാചിൽ നിന്നും അല്ലാഹുവോട് ശരണം തേടൽ:**

പിശാചിൽ നിന്നും അല്ലാഹുവോട് ശരണം തേടൽ അല്ലാഹുവിലേക്ക്, അവന്റെ ചാരത്തേക്ക് അഭയം തേടലാണ്. വിശുദ്ധ ഖുർആനിൽ ഇതുസംബന്ധമായി ധാരാളം വചനങ്ങൾ വന്നിട്ടുണ്ട്. അല്ലാഹു പറയുന്നു:

'പിശാചിൽ നിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ ബാധിക്കുകയാണെങ്കിൽ നീ അല്ലാഹുവോട് ശരണം തേടിക്കൊള്ളുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്' (അഅ്റാഫ്: 200).

അല്ലാഹു പറയുന്നു: 'നീ പറയുക: എന്റെ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു. അവർ (പിശാചുക്കൾ) എന്റെ അടുത്ത് സന്നിഹിതരാകുന്നതിൽ നിന്നും എന്റെ രക്ഷിതാവേ, ഞാൻ നിന്നോട് രക്ഷ തേടുന്നു' (മുഅ്മിനൂൻ: 97,98).

## مواضع الإستعاذة

## രക്ഷ തേടേണ്ടുന്ന അവസരങ്ങൾ

പിശാചിൽ നിന്നും രക്ഷ തേടേണ്ടുന്ന അനേകം അവസരങ്ങളെ നബി (സ) നമുക്ക് വ്യക്തമാക്കിത്തന്നിട്ടുണ്ട്. അവയിൽ ചിലത് ഇപ്രകാരമാണ്:

a) നമസ്കാരത്തിൽ:

ഉഥ്മാനുബ്നു അബിൽ ആസ്വ് (റ)വിനോട് നബി (സ) പറഞ്ഞ വാക്കുകൾ നേരത്തെ നാം സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: 'അത് ഖുൻസുബ് എന്ന് പേരായ പിശാചാണ്, അവന്റെ സാന്നിദ്ധ്യം നിനക്ക് അനുഭവപ്പെട്ടാൽ അവ

നിൽ നിന്നും അല്ലാഹുവോട് ശരണം തേടുകയും മൂന്ന് പ്രാവശ്യം നിന്റെ ഇടതുഭാഗത്തേക്ക് തുപ്പുകയും ചെയ്യുക' (മുസ്‌ലിം).

ജുബൈറുബ്നു മുത്വ്ഇം (റ)വിൽ നിന്നും നിവേദനം, നബി (സ) നമസ്കരിക്കുന്നത് അദ്ദേഹം കണ്ടു, അപ്പോൾ അദ്ദേഹം പറയുന്നുണ്ടായിരുന്നു:

(അല്ലാഹു അക്ബർ കബീറാ 'അല്ലാഹു ഏറ്റവും മഹാൻ', വൽ ഹംദു ലില്ലാഹി കഥീറാ 'അല്ലാഹുവിന്ന് അനേകം സ്തോത്രങ്ങൾ', സുബ്ഹാനല്ലാഹി ബുക്റതൻ വഅസ്വീലാ 'പ്രഭാതത്തിലും പ്രദോഷത്തിലും അല്ലാഹു പരിശുദ്ധൻ' (ഇവ ഓരോന്നും മൂന്ന് പ്രാവശ്യം വീതം), (അഊദു ബില്ലാഹി, മിന ശ്ശൈത്വാനി, മിൻ നഫ്ഖിഹി, വ നഫ്ഥിഹി, വ ഹമ്സിഹി) 'പിശാചിൽ നിന്നും, അവന്റെ ഊത്തിൽ നിന്നും, ദുഷ് പ്രേരണയിൽ നിന്നും, അവന്റെ സ്പർശനത്തിൽ നിന്നും ഞാൻ രക്ഷ തേടുന്നു') (അബൂദാവൂദ്).

b) ഖുർആൻ പാരായണം ചെയ്യുമ്പോൾ:

അല്ലാഹു പറയുന്നു: 'നീ ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ ശപിക്കപ്പെട്ട പിശാചിൽ നിന്ന് അല്ലാഹുവോട് ശരണം തേടിക്കൊള്ളുക' (നഹ്ൽ: 98).

c) വിസർജ്ജന സ്ഥലത്ത് പ്രവേശിക്കുമ്പോൾ:

അനസ് (റ)വിൽ നിന്നും നിവേദനം, 'നബി (സ) വിസർജജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ ഇപ്രകാരം പറഞ്ഞിരുന്നു:

'അല്ലാഹുവേ എല്ലാ വിധ ആൺ പിശാചുക്കളിൽ നിന്നും പെൺ പിശാചുക്കളിൽ നിന്നും നിന്നോട് ഞാൻ രക്ഷ തേടുന്നു' (ബുഖാരി, മുസ്‌ലിം).

d) കോപം വരുമ്പോൾ:

സുലൈമാനുബ്നു സ്വർദ് (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി (സ)യുടെ അരികിൽ വെച്ച് രണ്ടാളുകൾ വഴക്ക് കൂടി, ഞങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽ ഇരിക്കുകയാണ്. അവരിൽ ഒരാൾ അപരനെ രോഷത്തോടെ വഴക്കുപറയുകയാണ്, അയാളുടെ മുഖം ചുവന്നു തുടുത്തിരിക്കുന്നു. അപ്പോൾ നബി (സ) പറഞ്ഞു:

'തീർച്ചയായും എനിക്കൊരു വാക്യമറിയാം, അത് പറഞ്ഞിരുന്നെങ്കിൽ ഇക്കാണുന്ന രോഷം അയാളിൽ നിന്നും വിട്ടു പോവുമായിരുന്നു. 'അഊദു ബില്ലാഹി മിനശ്ശൈത്വാനിർറജീം' 'ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ അല്ലാഹുവോട് ശരണം തേടുന്നു' എന്നാണത് (ബുഖാരി, മുസ്‌ലിം).

e) പ്രഭാത പ്രദോഷങ്ങളിൽ:

പ്രഭാതത്തിലും പ്രദോഷത്തിലും ചൊല്ലാനായി നബി (സ) അബൂബക്കർ സിദ്ദീഖ് (റ)വിനെ പഠിപ്പിക്കുകയുണ്ടായി:

(അല്ലാഹുമ്മ ഫാത്വിറസ്സമാവാതി വൽഅർളി, ആലിമൽ ഗൈബി വശ്ശഹാദതി റബ്ബകുല്ല ശൈഇൻ വമലീക്കഹു, അശ്ഹദു അൻ ലാഇലാഹ ഇല്ലാഅൻത, റബ്ബി അഊദു ബിക മിൻ ശർറി നഫ്സീ വമിൻ ശർറി ശൈത്വാനി വശറകിഹി, വഅൻ അഖ്തരിഫ അലാ നഫ്സീ സൂഅൻ ഔ അജുർറുഹു ഇലാ മുസ്‌ലിം)

സാരം: 'ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവും, ദൃശ്യവും അദൃശ്യവും അറിയുന്നവനും എല്ലാ വസ്തുക്കളുടേയും രക്ഷിതാവും അതിന്റെ ഉടമസ്ഥനുമായ അല്ലാഹുവേ, നീയല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. രക്ഷിതാവേ, എന്റെ ശരീരത്തിന്റെ ദൂഷ്യങ്ങളിൽ നിന്നും,

പിശാചിന്റെയും അവന്റെ കൂട്ടുകാരുടേയും നാശങ്ങളിൽ നിന്നും എന്റെ മേൽ ഞാൻ വല്ല തിൻമയും പ്രവർത്തിക്കുക യോ, അല്ലെങ്കിൽ അതിനെ ഒരു മുസ്ലിമിലേക്ക് ചാർത്തുക യോ ചെയ്യുന്നതിൽ നിന്നും നിന്നോട് ഞാൻ രക്ഷ ചോദിക്കു ന്നു'. (തുർമുദി).

അബ്ദുല്ലാഹിബ്നു ഖുബൈബ് (റ)വിൽ നിന്നും നിവേ ദനം, അദ്ദേഹം പറയുന്നു: മഴയും ശക്തമായ ഇരുട്ടുമുള്ള ഒരു രാത്രിയിൽ ഞങ്ങൾക്ക് നമസ്കാരത്തിന് നേതൃത്വം നൽ കാൻ നബി (സ)യെ അന്വേഷിച്ചുകൊണ്ട് ഞങ്ങൾ പുറപ്പെട്ടു. അങ്ങനെ ഞങ്ങൾ അദ്ദേഹത്തെ കണ്ടെത്തി. അപ്പോൾ അദ്ദേ ഹം പറഞ്ഞു:

'നീ പറയൂ: അപ്പോൾ ഞാനൊന്നും പറഞ്ഞില്ല, വീണ്ടും അദ്ദേഹം പറഞ്ഞു: പറയൂ: അപ്പോൾ ഞാൻ ചോദിച്ചു: 'അല്ലാ ഹുവിന്റെ ദൂതരേ ഞാൻ എന്താണ് പറയേണ്ടത്? അദ്ദേഹം പറഞ്ഞു: 'ഖുൽ ഹുവല്ലാഹു അഹദ്, മുഅവ്വദതൈനി, (സൂറ: ഫലഖ്, നാസ്) എന്നിവ പ്രദോഷത്തിലും പ്രഭാതത്തിലും മൂന്ന് പ്രാവശ്യം വീതം നീ ചൊല്ലുക, എല്ലാ കാര്യങ്ങൾക്കും നിന ക്കത് മാത്രം മതി' (അസ്വ്ഹാബുസ്സുനൻ) നബി (സ) പറഞ്ഞു:

'ബിസ്മില്ലാഹില്ലദീ ലാ യദുർറു മഅ ഇസ്മിഹി ശൈഉൻ ഫിൽ അർദി വലാ ഫിസ്സമാഇ വഹുവസ്സമീഉൽ അലീം'

സാരം: 'അല്ലാഹുവിന്റെ നാമത്തിൽ, അവന്റെ നാമത്തോ ടൊപ്പം ആകാശ ഭൂമികളിൽ യാതൊന്നും തന്നെ ഒരു ഉപദ്രവ വും വരുത്തിവെക്കുകയില്ല, അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്' എന്നാരെങ്കിലും മൂന്ന് പ്രാവശ്യം പറ ഞ്ഞാൽ പ്രഭാതമാവുന്നതുവരെ ആകസ്മികമായുള്ള ഒരു അപകടവും അവനെ ബാധിക്കുകയില്ല. പ്രഭാതത്തിൽ അപ്ര

കാരം ആരെങ്കിലും പറഞ്ഞാൽ പ്രദോഷം വരെയുള്ള ആക സ്മികാപകടങ്ങൾ അവനെ ബാധിക്കുകയില്ല'

അബൂഹുറൈറ (റ)വിൽ നിന്നും നിവേദനം, അബൂബക്ക ർ സ്വിദ്ദീഖ് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, പ്രഭാതവും പ്രദോ ഷവുമായാൽ പറയാൻ ചില വാക്കുകൾ എന്നെ പഠിപ്പിച്ചു തന്നാലും'. അദ്ദേഹം പറഞ്ഞു: 'താങ്കൾ ഇപ്രകാരം പറയുക:

(അല്ലാഹുമ്മ ഫാത്വിറസ്സമാവാതി വൽഅർളി, ആലിമൽ ഗൈബി വശ്ശഹാദതി റബ്ബകുല്ല ശൈഇൻ വമലീക്കഹു, അശ്ഹദു അൻ ലാഇലാഹ ഇല്ലാഅൻത, റബ്ബി അഊദു ബിക മിൻ ശർറി നഫ്സീ വമിൻ ശർറി ശൈത്വാനി വശറകിഹി, വഅൻ അഖ്തരിഫ അലാ നഫ്സീ സൂഅൻ ഔ അജുർറുഹു ഇലാ മുസ്ലിം)

സാരം: 'ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവും, ദൃ ശ്യവും അദൃശ്യവും അറിയുന്നവനും എല്ലാ വസ്തുക്കളുടേയും രക്ഷിതാവും അതിന്റെ ഉടമസ്ഥനുമായ അല്ലാഹുവേ, നീയല്ലാ തെ ഒരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. രക്ഷിതാവേ, എന്റെ ശരീരത്തിന്റെ ദുഷ്യങ്ങളിൽ നിന്നും, പിശാ ചിന്റെയും അവന്റെ കൂട്ടുകാരുടേയും നാശങ്ങളിൽ നിന്നും എ ന്റെ മേൽ ഞാൻ വല്ല തിൻമയും പ്രവർത്തിക്കുകയോ, അല്ലെ ങ്കിൽ അതിനെ ഒരു മുസ്ലിമിലേക്ക് ചാർത്തുകയോ ചെയ്യുന്ന തിൽ നിന്നും നിന്നോട് ഞാൻ രക്ഷ ചോദിക്കുന്നു'. അദ്ദേഹം പറഞ്ഞു: 'താങ്കൾക്ക് പ്രഭാതവും പ്രദോഷവുമാവുമ്പോഴും താങ്ക ളുടെ കിടപ്പറയിലും ഇത് പറയുക' (അബൂദാവൂദ്, തുർമുദി).

### f) വീട്ടിലും മറ്റും ഇറങ്ങുമ്പോൾ:

ഖൗല ബിൻത് ഹകീം (റ)വിൽ നിന്നും നിവേദനം, അവർ പറയുന്നു: 'നബി (സ) പറഞ്ഞു:

(അഊദു ബികലിമാത്തില്ലാഹിത്താമ്മാത്തി മിൻ ശർറി മാ ഖലഖ്) സാരം: 'പരിപൂർണ്ണമായ അല്ലാഹുവിന്റെ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ നാശത്തിൽ നിന്നും ഞാൻ രക്ഷ തേടുന്നു' എന്ന് യാത്രക്കിടെ ഇറങ്ങിയ സ്ഥലത്തു നിന്നും ആരെങ്കിലും പറഞ്ഞാൽ ആ സ്ഥലത്തുനിന്നും യാത്ര യാവുന്നത് വരെ അയാളെ യാതൊന്നും തന്നെ ഉപദ്രവിക്കു കയില്ല'.

ഉപേക്ഷിക്കപ്പെട്ട സ്ഥലങ്ങളിലും താഴ്വരകൾ, ഹൈവേ കൾക്ക് ചാരത്തുള്ള റസ്റ്റ് ഹൗസുകൾ, ഒഴിഞ്ഞ പ്രദേശങ്ങൾ പോലെയുള്ള സ്ഥലങ്ങളിൽ പ്രവേശിക്കുമ്പോഴും ഇതേ പ്രാർത്ഥന തന്നെയാണ് ചൊല്ലേണ്ടത്. കുട്ടികളെ ഈ ദിക്ർ പഠിപ്പിച്ചുകൊടുക്കലും ഇതുപോലെയുള്ള സ്ഥലങ്ങളിൽ ഇറ ങ്ങുമ്പോൾ ഇത് ചൊല്ലാൻ ഓർമ്മിപ്പിക്കലും അനിവാര്യമാണ്.

9) കഴുതയുടെ കരച്ചിലും നായയുടെ ഓരിയി ടലും കേൾക്കുമ്പോൾ:

അബൂഹുറൈറ (റ)വിൽ നിന്നും ബുഖാരിയും മുസ്ലിമും നിവേദനം ചെയ്യുന്നു, നബി (സ) പറഞ്ഞു:

'കോഴിയുടെ കൂവൽ കേട്ടാൽ അല്ലാഹുവോട് അവന്റെ ഔദാര്യത്തിൽ നിന്നും നിങ്ങൾ ചോദിക്കുക, കാരണം മലക്കി നെ കണ്ടതുകൊണ്ടാണത് കൂവിയത്. കഴുത കരയുന്നത് കേട്ടാൽ നിങ്ങൾ പിശാചിൽ നിന്നും അല്ലാഹുവോട് ശരണം തേടുക, കാരണം അത് പിശാചിനെ കണ്ടിരിക്കുന്നു'

ജാബിർ (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു: 'നായയുടെ ഓരിയിടലോ കഴുതയുടെ കരച്ചിലോ രാത്രിയിൽ കേട്ടാൽ നിങ്ങൾ അല്ലാഹുവോട് ശരണം തേടുക, കാരണം

നിങ്ങൾക്ക് കാണാൻ കഴിയാത്തത് അവകൾ കാണുന്നുണ്ട് (അഹ്മദ്, അബൂദാവൂദ്).

h) വിശ്വാസത്തിൽ സംശയം ജനിക്കുമ്പോൾ:

അബൂഹുറൈറ (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി (സ) പറഞ്ഞു: 'നിങ്ങളുടെ അടുക്കൽ പിശാച് വരും, എന്നിട്ടവൻ ചോദിക്കും. 'ഇങ്ങനെ സൃഷ്ടിച്ചതാരാണ്? ഇങ്ങനെ പടച്ചതാരാണ്? (അവസാനം ഇപ്രകാരം) ചോദിക്കുന്നതുവരെ: 'നിന്റെ രക്ഷിതാവിനെ സൃഷ്ടിച്ചതാരാണ്?'. അവിടെയെത്തിയാൽ അവൻ അല്ലാഹുവോട് ശരണം തേടുകയും അവനെ തളർത്തുകയും ചെയ്തുകൊള്ളട്ടെ' (ബുഖാരി).

i) സംയോഗം ചെയ്യാനൊരുങ്ങുമ്പോൾ:

ഇബ്നുഅബ്ബാസ് (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി (സ) പറഞ്ഞു: 'നിങ്ങളാരെങ്കിലും തന്റെ ഭാര്യയെ പ്രാപിക്കാൻ ഒരുങ്ങിയാൽ അവൻ ഇപ്രകാരം പറയട്ടെ:
(ബിസ്മില്ലാഹി അല്ലാഹുമ്മ ജന്നിബ്നശ്ശൈത്വാന വ ജന്നിബിശ്ശൈത്വാന ഫീമാ റസഖ്തനാ)
സാരം: 'അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവേ ഞങ്ങളിൽ നിന്നും പിശാചിനെ നീ അകറ്റേണമേ, ഞങ്ങൾക്ക് നീ പ്രദാനം ചെയ്യുന്ന (സന്താനത്തിൽ) നിന്നും പിശാചിനെ അകറ്റേണമേ..' അതിൽ അവർക്കൊരു സന്താനം ഉണ്ടാവുകയാണെങ്കിൽ പിശാച് ഒരിക്കലും അവനെ ഉപദ്രവിക്കുകയില്ല' (ബുഖാരി, മുസ്ലിം).

j) ഉറങ്ങുമ്പോൾ:

ആയിശ (റ)യിൽ നിന്നും നിവേദനം, അവർ പറയുന്നു: 'നബി (സ) തന്റെ വിരിപ്പിൽ കിടക്കാനൊരുങ്ങിയാൽ തന്റെ കൈക

ളിൽ ഊതുകയും 'മുഅവ്വിദതൈനി' (സൂറത്തുൽ ഫലഖ്, സൂറത്തുന്നാസ്) ഓതുകയും കൈകൾ കൊണ്ട് ശരീരം തടവുകയും ചെയ്യുമായിരുന്നു' (ബുഖാരി).

k) ദുഃസ്വപ്നം കാണുമ്പോൾ:

അബൂഖതാദ (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു: 'നല്ല സ്വപ്നങ്ങൾ അല്ലാഹുവിൽ നിന്നുള്ളതാണ്, ദുഃസ്വപ്നങ്ങൾ പിശാചിൽ നിന്നും. അതിനാൽ, തനിക്ക് വെറുപ്പുളവാക്കുന്ന സ്വപ്നം ആരെങ്കിലും കണ്ടാൽ തന്റെ ഇടതുഭാഗത്തേക്ക് അവൻ (തുപ്പുനീർ തെറിപ്പിച്ചുകൊണ്ട്) ഊതുകയും പിശാചിൽ നിന്നും അല്ലാഹുവോട് രക്ഷ തേടുകയും ചെയ്യട്ടെ. എങ്കിൽ അതവന് യാതൊരു ഉപദ്രവവും വരുത്തുകയില്ല. അവനതാരെയും അറിയിക്കുകയുമരുത്. ഇനി നല്ല സ്വപ്നമാണ് ഒരാൾ കണ്ടതെങ്കിൽ അവൻ സന്തോഷിച്ചുകൊള്ളട്ടെ, താൻ ഇഷ്ടപ്പെടുന്നവരെയല്ലാതെ അവനതാരെയും അറിയിക്കരുത്'. മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരം കാണാം:

'താൻ വെറുക്കുന്ന വല്ലതും കണ്ടാൽ തന്റെ ഇടതുഭാഗത്തേക്കവൻ മൂന്നു പ്രാവശ്യം തുപ്പുകയും പിശാചിൽ നിന്നും അവന്റെ നാശത്തിൽ നിന്നും അല്ലാഹുവോട് രക്ഷ ചോദിക്കുകയും ചെയ്യട്ടെ. അവനതാരെയും അറിയിക്കുകയുമരുത്, അതവന്ന് ഒരു ഉപദ്രവവും വരുത്തുകയില്ല' (ബുഖാരി, മുസ്‌ലിം).

8) അല്ലാഹുവെ സ്മരിക്കൽ:

പിശാചിൽ നിന്നും രക്ഷ നേടാനുള്ള ആയുധങ്ങളിൽ ഏറ്റവും ശക്തമായതാണ് അല്ലാഹുവെ സ്മരിക്കൽ. അല്ലാഹു പറയുന്നു: 'ആകയാൽ നിങ്ങൾ എന്നെ ഓർക്കുക, നിങ്ങളെ ഞാനും ഓർക്കുന്നതാണ്' (ബഖറ: 152).

തന്റെ രക്ഷിതാവിനെ സ്മരിക്കുന്നവൻ എത്ര സൗഭാഗ്യ വാനാണ്. തനിക്ക് സഹായവും സ്ഥൈര്യവും സംരക്ഷണ വും സുരക്ഷയുമായിക്കൊണ്ടവൻ റബ്ബിനെ സ്മരിക്കുകയും കാണുകയും ചെയ്യുന്നു. അവൻ കൂട്ടിനുണ്ടാവുമെന്നതിനാ ൽ തനിക്ക് പ്രയാസമോ വിഷമമോ ഉണ്ടായാൽ അതിൽ വിശ്വാസി ഭയപ്പെടുന്നില്ല. ഹാരിഥുൽ അശ്അരിയിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന ഹദീഥിൽ കാണാം: 'സകരിയ്യാ നബി യുടെ പുത്രൻ യഹ്‌യായോട് അഞ്ച് വാക്കുകൾ പ്രാവർ ത്തികമാക്കാനും അപ്രകാരം ഇസ്റാഈൽ സന്തതികളോട് നിർദ്ദേശിക്കുവാനും അല്ലാഹു കൽപ്പിച്ചു. അതിൽ ചിലത് ഇപ്രകാരമായിരുന്നു: 'ദൈവ സ്മരണ അധികരിപ്പിക്കണമെ ന്ന് ഞാൻ നിങ്ങളോട് കൽപ്പിക്കുന്നു. കാരണം ശത്രുവോട് ഏറ്റുമുട്ടാൻ അങ്കിയും പടച്ചട്ടയും ധരിച്ച ഒരാളെപ്പോലെ ദൈവ ദാസൻ ദൈവ സ്മരണയിലായിരിക്കുമ്പോൾ പിശാചി ന്റെ ആക്രമണത്തിൽ നിന്നും സദാ സുരക്ഷിതനായിരിക്കും' (അഹ്മദ്, തുർമുദി, ഈ ഹദീസ് കുറ്റമറ്റതാണെന്ന് അൽ ബാനി പറഞ്ഞിട്ടുണ്ട്).

ദൈവ സ്മരണയുടെ ശക്തിയിലേക്കും പിശാചിന്റെ കുത ന്ത്രങ്ങളിൽ നിന്നും വിശ്വാസിക്ക് രക്ഷ നൽകുന്നതിൽ അതി നുള്ള പങ്കിലേക്കും ഈ ഹദീസ് വിരൽ ചൂണ്ടുന്നു. അതു കൊണ്ട് തന്നെയാണ് എല്ലാ കാര്യങ്ങളിലും, എത്രത്തോളമെ ന്നാൽ വിസർജ്ജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോഴും പുറ ത്തു വരുമ്പോഴും, ഭാര്യയെ പ്രാപിക്കുമ്പോഴും, വസ്ത്രം ധരി ക്കുമ്പോഴും, വാഹനം കയറുമ്പോഴും, വീട്ടിൽ പ്രവേശിക്കു മ്പോഴും പുറത്തു പോവുമ്പോഴുമെല്ലാം ദിക്റുകൾ പതിവാ ക്കാൻ നബി (സ) നിർദ്ദേശിച്ചത്. അല്ലാഹുവെക്കുറിച്ചുള്ള

സ്മരണയിൽ വീഴ്ച്ച വരികയും, ശക്തമായ ഈ ആയുധത്തെക്കുറിച്ച അങ്ങേയറ്റത്തെ അശ്രദ്ധയും മാത്രമാണ് യഥാർത്ഥത്തിൽ മാനസിക രോഗങ്ങളും, ഭയാശങ്കകളും, പിശാചിന്റെ സന്നിവേശവും, ബാധയും, ഭ്രാന്തും, അതു പോലെയുള്ളതുമെല്ലാം ഉണ്ടാവാൻ കാരണമായിട്ടുള്ളത്.

ജാബിർബ്നു അബ്ദില്ല (റ)വിൽ നിന്നും നിവേദനം, നബി (സ) പറയുന്നത് അദ്ദേഹം കേട്ടു: സാരം: "ഒരാൾ തന്റെ വീട്ടിൽ പ്രവേശിക്കുകയും, പ്രവേശന സമയത്തും, ഭക്ഷണം കഴിക്കുമ്പോഴും അല്ലാഹുവിനെ സ്മരിക്കുകയും ചെയ്താൽ പിശാച് (തന്റെ കൂട്ടാളികളോട്) പറയും: 'ഇന്ന് നിങ്ങൾക്കിവിടെ രാത്രി വാസവും രാത്രി ഭക്ഷണവുമില്ല'. അല്ലാഹുവിനെ സ്മരിക്കാതെയാണ് ഒരാൾ തന്റെ വീട്ടിൽ പ്രവേശിച്ചിട്ടുള്ളതെങ്കിൽ പിശാച് പറയും: 'നിങ്ങൾക്ക് രാത്രി വാസത്തിന് ഇടം ലഭിച്ചിരിക്കുന്നു'. ഭക്ഷണം കഴിക്കുമ്പോൾ അയാൾ അല്ലാഹുവിനെ സ്മരിച്ചിട്ടില്ലെങ്കിൽ പിശാച് പറയും: 'നിങ്ങൾക്ക് രാത്രി താമസത്തിന് ഇടവും രാത്രി ഭക്ഷണവും ലഭിച്ചിരിക്കുന്നു" (മുസ്ലിം).

ഹുദൈഫ (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: "ഞങ്ങൾ നബി (സ)യുടെ കൂടെ ഭക്ഷണം കഴിക്കാനിരുന്നാൽ അദ്ദേഹം കൈകൾ വെക്കുകയും ആരംഭിക്കുകയും ചെയ്യുന്നത് വരെ ഞങ്ങൾ കൈകൾ വെക്കുകയില്ല. ഒരിക്കൽ ഞങ്ങൾ അദ്ദേഹത്തിന്റെ കൂടെ ഭക്ഷണം കഴിക്കാനിരുന്ന വേളയിൽ ഒരു പെൺകുട്ടി ഭക്ഷത്തിനടുക്കലേക്ക് മുന്നോട്ടായുകയും അതിൽ നിന്നും എടുക്കാൻ അവളുടെ കൈ നീട്ടുകയും ചെയ്തു. അപ്പോൾ നബി (സ) അവളുടെ കൈ പിടിച്ചു. അതിന് ശേഷം ഒരു ഗ്രാമീണൻ അതേ പ്രകാരം ഭക്ഷണം

എടുക്കാനായി മുന്നോട്ടാഞ്ഞു. നബി (സ) അയാളുടെയും കൈ പിടിച്ചു. ശേഷം അദ്ദേഹം പറഞ്ഞു:

"അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെടാത്ത ഭക്ഷണം പിശാച് തനിക്കായി കണക്കാക്കിയതാണ്. അവൻ ഈ പെൺകുട്ടിയുമായി വന്നത് ഇത് അവന്റേതാക്കാനാണ്. അപ്പോൾ ഞാനവളുടെ കൈ പിടിച്ചു. പിന്നീട് അവൻ ഗ്രാമീണനെ കൊണ്ടുവന്നതും അയാളിലൂടെ ഇത് അവന്റേതാക്കാൻ തന്നെ. അപ്പോൾ ഞാനയാളുടെ കൈയും പിടിച്ചു. എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെയാണ് സത്യം ആ പെൺകുട്ടിയുടെ കൈയോടൊപ്പം പിശാചിന്റെ കൈയും എന്റെ കൈയിലായിരുന്നു" (മുസ്ലിം).

ആഹാരത്തിൽ നിന്ന് പിശാചിന് ഒരംശവും ലഭിക്കാനിടവരാത്ത മര്യാദകളിൽപ്പെട്ടതാണ് താഴെ വീണത് എടുക്കൽ. ജാബിറുബ്നു അബ്ദില്ല (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി (സ) പറഞ്ഞു:

"ആഹാരത്തിൽ നിന്നും താഴെ വീണ ഉരുള നിങ്ങൾ എടുക്കുക, അതിൽ പിടിച്ചിട്ടുള്ള വൃത്തികേടുകളെ നിങ്ങൾ നീക്കം ചെയ്യുകയും അത് ഭക്ഷിക്കുകയും ചെയ്യുക. അത് പിശാചിനായി മാറ്റി വെക്കരുത്" (മുസ്ലിം).

**9) ഖുർആൻ പാരായണം ചെയ്യൽ:**

ദിക്റുകളുടെ കൂട്ടത്തിൽ ഏറ്റവും മഹത്തായ ഒരിനവും, വിശ്വാസിയെ പിശാചിൽ നിന്നും കാത്ത് രക്ഷിക്കുന്ന പ്രധാന കാര്യങ്ങളിൽ ഒന്നുമാണ് ഖുർആൻ പാരായണം. അല്ലാഹു പറയുന്നു:

'നീ ഖുർആൻ പാരായണം ചെയ്താൽ നിന്റെയും പരലോകത്തിൽ വിശ്വസിക്കാത്തവരുടെയും ഇടയിൽ ദൃശ്യമല്ലാത്ത

ഒരു മറ നാം വെക്കുന്നതാണ്. അവരത് ഗ്രഹിക്കുന്നതിന് (തടസ്സമായി) അവരുടെ ഹൃദയങ്ങളിന്മേൽ നാം മൂടികൾ വെക്കുന്നതും, അവരുടെ കാതുകളിൽ ഒരു തരം ഭാരം വെക്കുന്നതുമാണ്. ഖുർആൻ പാരായണത്തിൽ നിന്റെ രക്ഷിതാവിനെ പ്പറ്റി മാത്രം പ്രസ്താവിച്ചാൽ അവർ വിറളിയെടുത്ത് പുറം തിരിഞ്ഞു പോകുന്നതാണ്' (ഇസ്റാഅ്: 45,46).

കാരണം ഖുർആൻ സന്മാർഗ്ഗത്തിലേക്കും വിശ്വാസത്തിലേക്കുമാണ് ക്ഷണിക്കുന്നത്. പിശാച് തന്നെ പിൻതുടരുന്നവരെ ഖുർആൻ കേൾക്കുന്നതിൽ നിന്ന് തിരിച്ചുവിടുകയും അതിനെ അവഗണിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും.

അല്ലാഹു പറയുന്നു: 'സത്യനിഷേധികൾ പറഞ്ഞു: നിങ്ങൾ ഈ ഖുർആൻ ശ്രദ്ധിച്ചുകേൾക്കരുത്. അത് പാരായണം ചെയ്യുമ്പോൾ നിങ്ങൾ ബഹളമുണ്ടാക്കുക. നിങ്ങൾക്ക് (അതിനെ) അതിജയിക്കാൻ കഴിഞ്ഞേക്കാം' (ഫുസ്സ്വിലത്: 26).

അതുകൊണ്ട് തന്നെ ഖുർആൻ ഇത്തരക്കാർക്ക് ധിക്കാരവും അഹങ്കാരവും മാത്രമേ വർദ്ധിപ്പിക്കാറുള്ളൂ.

അല്ലാഹു പറയുന്നു: 'സത്യവിശ്വാസികൾക്കു ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. അക്രമികൾക്ക് നഷ്ടമല്ലാതെ (മറ്റൊന്നും) വർദ്ധിപ്പിക്കുന്നില്ല' (ഇസ്റാഅ്: 82).

ഖുർആൻ പാരായണം പിശാചിന് വെറുപ്പുള്ളതാണെന്നും അവനതിൽ നിന്നും ഓടിയകലുമെന്നും നബി (സ) അറിയിക്കുകയുണ്ടായി. അബൂഹുറൈറ (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു:

"നിങ്ങൾ നിങ്ങളുടെ വീടുകളെ ശ്മശാനങ്ങളാക്കരുത്, സൂറത്തുൽ ബഖറ പാരായണം ചെയ്യുന്ന വീടുകളിൽ നിന്നും

പിശാച് ഓടിപ്പോവുന്നതാണ്" (മുസ്‌ലിം). (ഖബറിങ്ങൽ ഖുർആൻ പാരായണം ചെയ്യാൻ പാടില്ലെന്നും, ഖുർആൻ പാരായണം ചെയ്യപ്പെടാത്ത വീടുകൾ ശ്മശാനങ്ങളെപ്പോലെയാണെന്നും ഇത് വ്യക്തമാക്കുന്നു – വിവ:) നബി (സ) പറഞ്ഞു:

"സൂറത്തുൽബഖറയിലെ അവസാനത്തെ രണ്ടായത്തുകൾ ഒരു രാത്രിയിൽ ആരെങ്കിലും ചൊല്ലിയാൽ (പിശാചിൽ നിന്നുള്ള സംരക്ഷത്തിന്) അത് തന്നെ അയാൾക്ക് മതിയായതാണ്" (ബുഖാരി, മുസ്‌ലിം).

## قراءة آية الكرسي

## ആയത്തുൽ കുർസി ഓതൽ

അബൂഹുറൈറ (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'റമദാനിലെ സകാത്ത് സമ്പത്തിന് കാവൽക്കാരനായി നബി (സ) എന്നെ ഏൽപ്പിച്ചിരുന്നു. അങ്ങനെയിരിക്കെ ഒരാൾ വന്ന് ഭക്ഷണ സാധനങ്ങളിൽ നിന്നും വാരിയെടുക്കാൻ തുടങ്ങി. ഞാൻ അയാളെ പിടികൂടി. ഞാൻ പറഞ്ഞു: 'അല്ലാഹുവാണ്, നിന്നെ ഞാൻ അല്ലാഹുവിന്റെ ദൂതരുടെ അടുക്കൽ കൊണ്ടുപോകും'. അയാൾ പറഞ്ഞു: ഞാൻ ആവശ്യക്കാരനാണ്, കുടുംബ നാഥനാണ്, എനിക്ക് അത്യാവശ്യമുണ്ട് താനും. അദ്ദേഹം പറയുന്നു: 'അങ്ങനെ ഞാനയാളെ വിട്ടു. പ്രഭാതമായപ്പോൾ നബി (സ) എന്നോട് ചോദിച്ചു: 'അബൂഹുറൈറാ, ഇന്നലെ താങ്കളുടെ തടവുകാരനെ എന്തുചെയ്തു?. ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അവൻ അത്യാവശ്യക്കാരനാണെന്നും കുടുംബ നാഥനാണെന്നും എന്നോട് ആവലാതിപ്പെട്ടു, അപ്പോൾ കരുണ തോന്നി ഞാനവനെ വിട്ടു. നബി (സ) പറഞ്ഞു: 'അവൻ കളവാണ് പറഞ്ഞത്, അവൻ വീണ്ടും

വരും'. അവൻ തിരിച്ചുവരുമെന്ന് നബി (സ) പറഞ്ഞതുകൊണ്ട് അവൻ വരുമെന്ന് ഞാൻ മനസ്സിലാക്കി. ഞാൻ അവനെ കാത്തിരുന്നു. വീണ്ടും അവൻ വന്നു, ഭക്ഷണസാധനങ്ങളിൽ നിന്നും വാരിയെടുക്കാൻ തുടങ്ങി. ഞാനവനെ പിടികൂടി, ഞാൻ പറഞ്ഞു: 'നിന്നെ ഞാൻ തിരുദൂതരുടെ സന്നിധിയിലെത്തിക്കും'. അവൻ പറഞ്ഞു: എന്നെ വിട്ടാലും, ഞാൻ പാവമാണ്, എനി ക്ക് കുടുംബമുണ്ട്, ഞാനിനി തിരിച്ചുവരികയില്ല. അപ്പോൾ എനിക്ക് കരുണ തോന്നി, ഞാനവനെ വിട്ടു. പിറ്റേന്ന് രാവിലെയും നബി (സ) എന്നോട് ചോദിച്ചു: 'അബൂഹുറൈറാ താങ്കളുടെ തടവുകാരൻ എന്തുചെയ്തു? ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരെ, അവൻ അത്യാവശ്യക്കാരനാണെന്നും അവന് കുടുംബമുണ്ടെന്നും എന്നോട് ആവലാതിപ്പെട്ടു, എനിക്ക് കരുണ തോന്നി ഞാനവനെ വിട്ടു'. നബി (സ) പറഞ്ഞു: 'അവൻ പറഞ്ഞത് കളവാണ്, അവൻ വീണ്ടും വരും'. മൂന്നാം പ്രാവശ്യവും ഞാൻ അവനെ കാത്തിരുന്നു. വീണ്ടും അവൻ വന്നു, ഭക്ഷണസാധനങ്ങളിൽ നിന്നും വാരിയെടുക്കാൻ തുടങ്ങി. ഞാനവനെ പിടികൂടി, ഞാൻ പറഞ്ഞു: 'നിന്നെ ഞാൻ തിരുദൂതരുടെ സന്നിധിയിലെത്തിക്കും, ഇത് മൂന്ന് പ്രാവശ്യത്തിൽ അവസാനത്തേതാണ്, നീ തിരിച്ചുവരികയില്ലെന്ന് വാക്ക് തന്നിരുന്നു വീണ്ടും വന്നു'. അവൻ പറഞ്ഞു: എന്നെ വിട്ടാലും, നിനക്ക് ഞാൻ ചില വചനങ്ങൾ പഠിപ്പിച്ചുതരാം, അത്കൊണ്ട് അല്ലാഹു നിനക്ക് പ്രയോജനമുണ്ടാക്കിത്തരും. ഞാൻ ചോദിച്ചു: 'ഏതാണ് അവ? അവൻ പറഞ്ഞു: നീ നിന്റെ വിരിപ്പിലേക്ക് അഭയം തേടിയാൽ നീ ആയത്തുൽ കുർസി (الله لا إله إلا هو الحي القيوم) (അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽ ഖയ്യൂം) എന്ന ആയത്ത് അവസാനം വരെ പാരായണം ചെയ്യുക, എങ്കിൽ

നിനക്ക് അല്ലാഹുവിന്റെ സംരക്ഷണം ഉണ്ടായിക്കൊണ്ടേയിരിക്കും, നേരം പുലരുന്നതുവരെ പിശാച് നിന്നെ സമീപിക്കുകയുമില്ല. 'അങ്ങനെ ഞാനവനെ വിട്ടു, പ്രഭാതമായപ്പോൾ നബി (സ) എന്നോട് ചോദിച്ചു: 'അബൂഹുറൈറാ, ഇന്നലെ താങ്കളുടെ തടവുകാരൻ എന്തുചെയ്തു?. ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അല്ലാഹു എനിക്ക് പ്രയോജനം ചെയ്യുന്ന ചില വചനങ്ങൾ എനിക്ക് പഠിപ്പിച്ചുതരാമെന്ന് അവൻ എന്നോട് വാക്കുപറഞ്ഞു, ഞാനവനെ വിട്ടു. നബി (സ) ചോദിച്ചു: 'ഏതാണ് അവ?' ഞാൻ പറഞ്ഞു: അവനെന്നോട് പറഞ്ഞത്: 'നീ നിന്റെ വിരിപ്പിലേക്ക് അഭയം തേടിയാൽ നീ ആയത്തുൽ കുർസി (അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽ ഖയ്യൂം എന്ന ആയത്ത്) അവസാനം വരെ പാരായണം ചെയ്യുക, എങ്കിൽ നിനക്ക് അല്ലാഹുവിന്റെ സംരക്ഷണം ഉണ്ടായിക്കൊണ്ടേയിരിക്കും, നേരം പുലരുന്നതുവരെ പിശാച് നിന്നെ സമീപിക്കുകയുമില്ല എന്നാണ്. –നന്മ സമ്പാദിക്കുന്നതിൽ വളരെ അത്യാഗ്രഹക്കാരായിരുന്നു സ്വഹാബിമാർ– അപ്പോൾ നബി (സ) പറഞ്ഞു: 'കള്ളം പറയുന്നവനാണെങ്കിലും അവൻ പറഞ്ഞത് സത്യമാണ്'. മൂന്ന് ദിവസമായി താങ്കൾ സംഭാഷണം നടത്തിയിരുന്നതാരോടായിരുന്നെന്ന് താങ്കൾക്കറിയാമോ അബൂഹുറൈറാ? അദ്ദേഹം പറഞ്ഞു: 'ഇല്ല'. നബി (സ) പറഞ്ഞു: 'അത് പിശാച് തന്നെയായിരുന്നു' (ബുഖാരി).

الوضوء عند الغضب

## കോപം വരുമ്പോൾ വുദു എടുക്കൽ

പിശാച് തീയിൽ നിന്ന് സൃഷ്ടിക്കപ്പെട്ടതിനാൽ തന്നെ വുദു ചെയ്യുന്നതിലൂടെ അവനെ അകറ്റാനും അവന്റെ കുതന്ത്രങ്ങ

ളുടെ അഗ്നി അണക്കുവാനും വിശ്വാസിയിൽ നിന്നും കോപാഗ്നി നീക്കുവാനും സാധിക്കുന്നു. അബൂവാഇലുൽ ഖാസ്വ് (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'ഞങ്ങൾ ഉർവതുബ്നു മുഹമ്മദുസ്സ്വാഇദിയുടെ അടുക്കൽ പ്രവേശിച്ചു, അന്നേരം ഒരാൾ അദ്ദേഹത്തെ കോപിപ്പിക്കുന്നതെന്തോ സംസാരിച്ചു, ഉടനെ അദ്ദേഹം എഴുന്നേറ്റ് വുദു ചെയ്തു. എന്നിട്ടദ്ദേഹം പറഞ്ഞു: 'നബി (സ) പറഞ്ഞതായി എന്റെ പിതാമഹൻ അത്വിയ്യ എന്നോട് പറഞ്ഞു:

'രോഷം പിശാചിൽ നിന്നുള്ളതാണ്, പിശാചാവട്ടെ തീയിൽ നിന്നുസൃഷ്ടിക്കപ്പെട്ടതുമാണ്. തീയണക്കുന്നതാണല്ലോ വെള്ളം, അതുകൊണ്ട് നിങ്ങളാരെങ്കിലും കോപാകുലരായാൽ വുദു എടുക്കുക' (അബൂദാവൂദ്).

**11) പശ്ചാത്താപവും പാപമോചനാർത്ഥനയും:**

അല്ലാഹു തന്റെ അടിമകൾക്ക് ചെയ്തുകൊടുത്ത അതി മഹത്തായ അനുഗ്രഹങ്ങളിൽപ്പെട്ടതാണ് അവർക്ക് പശ്ചാത്താപത്തിന്റെ കവാടങ്ങൾ തുറന്നുകൊടുത്തു എന്നത്. അവന്റെ കാരുണ്യത്തിൽ അവൻ അവരെ നിരാശപ്പെടുത്തുകയോ, അവരുടെ പാപങ്ങൾ കാരണമായി അവരെ പിശാചിന് വേട്ടയാടാനുള്ള ഇരയായി ഉപേക്ഷിക്കുകയോ ചെയ്തിട്ടില്ല. പശ്ചാത്തപിക്കുന്നവരുടെ പശ്ചാത്താപവും ധിക്കാരവും പാപവും ചെയ്തവരുടെ കണ്ണുനീരും അവൻ സ്വീകരിക്കുന്നു. അല്ലാഹു പറയുന്നു:

'അവനാകുന്നു തന്റെ ദാസന്മാരിൽ നിന്ന് പശ്ചാത്താപം സ്വീകരിക്കുന്നവൻ. അവൻ ദുഷ്കൃത്യങ്ങൾക്ക് മാപ്പു നൽകുകയും ചെയ്യുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അതവൻ അറിയുകയും ചെയ്യുന്നു' (ശൂറാ: 25).

ദേഹേച്ഛകൾക്കടിമപ്പെടാത്ത വിശ്വാസിയെ വഴിതെറ്റിക്കുകയാണ് പിശാചിന്റെ ഉദ്ദേശ്യം. അല്ലാഹു പറയുന്നു:

'അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കാനുദ്ദേശിക്കുന്നു. എന്നാൽ തന്നിഷ്ടങ്ങളെ പിൻപറ്റി ജീവിക്കുന്നവർ ഉദ്ദേശിക്കുന്നത് നിങ്ങൾ (നേർവഴിയിൽ നിന്ന്) വൻതോതിൽ തെറ്റിപ്പോകണമെന്നാണ്' (നിസാഅ്: 27).

പിശാചിന്റെ തന്ത്രങ്ങളും ദുർമന്ത്രങ്ങളും കാരണമായി പാപങ്ങളിലും നിയമ വിരുദ്ധ പ്രവർത്തനങ്ങളിലും വീഴുന്ന പ്രകൃതത്തിലാണ് മനുഷ്യൻ എന്നുള്ളതിനാൽ തന്നെ, അവന്റെ പാപങ്ങളിൽ നിന്ന് സംശുദ്ധി കൈവരിക്കുവാനുള്ള അവസരമെന്നോണം അല്ലാഹു അവന് പശ്ചാത്താപത്തിന്റെ മടക്കത്തിന്റെയും വാതിലുകൾ തുറന്ന് കൊടുത്തിരിക്കുകയാണ്. അതാവട്ടെ പിശാചിനുള്ള നിന്ദ്യതയും അവനെ നിസ്സാരമാക്കലുമാണ്.

**12) വീട്ടിനെ ശുദ്ധിയാക്കലും സൂക്ഷിക്കലും:**

സംഗീതോപകരണങ്ങൾ, നിഷിദ്ധമായ ഫോട്ടോകൾ, ബിംബരൂപങ്ങൾ, കുരിശു രൂപങ്ങൾ, നായ പോലെ നിഷിദ്ധമാക്കപ്പെട്ട എല്ലാം വെടിഞ്ഞുകൊണ്ട് തന്റെ വീടിനെ ശുദ്ധിയാക്കൽ വിശ്വാസികൾക്ക് നിർബന്ധമാണ്. ശൃംഗാര ഗാനങ്ങൾ വെടിയലും ഇതിൽപ്പെടുന്നു.

﴿ وَٱسۡتَفۡزِزۡ مَنِ ٱسۡتَطَعۡتَ مِنۡهُم بِصَوۡتِكَ ﴾ ( الإسراء : ٦٤ )

'അവരിൽ നിന്ന് നിനക്ക് സാധ്യമായവരെ നിന്റെ ശബ്ദം മുഖേന നീ ഇളക്കി വിട്ടുകൊള്ളുക' (ഇസ്റാഅ്: 64) എന്ന ആയത്തിനെ വിശദീകരിച്ചുകൊണ്ട് മുജാഹിദ് (റ) പറയുന്നു: ( صوت الشيطان الغناء ) 'പിശാചിന്റെ ശബ്ദം അത് ശൃംഗാര ഗാനങ്ങളാണ്'.

ക്യസ്ത്യാനികളുടെ പള്ളിമണിയോട് സാദൃശ്യമുള്ള, അല്ലെങ്കിൽ മ്യൂസിക്കുള്ള ഡോർബെല്ലുകൾ വീട്ടിൽ നിന്ന് ഒഴിവാക്കലും ഈ ഗണത്തിൽപ്പെടുന്നു. അബൂഹുറൈറ (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു:

'ബെല്ലുകൾ പിശാചിന്റെ വീണകളാണ്' (മുസ്ലിം). മറ്റൊരു ഹദീസിൽ കാണാം, നബി (സ) പറഞ്ഞു:

'നായയോ ബെല്ലുകളോ ഉള്ളിടത്ത് മലക്കുകൾ അനുകമ്പയോടെ സഹവസിക്കുകയില്ല' (മുസ്ലിം).

ജാബിർബ്നു അബ്ദില്ല (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി പറഞ്ഞു:

'അല്ലാഹുവിന്റെ നാമം സ്മരിച്ചുകൊണ്ട് നിങ്ങൾ വാതിലുകൾ അടച്ചുപൂട്ടുക, കാരണം അടച്ചുപൂട്ടപ്പെട്ട വാതിൽ തുറക്കാൻ പിശാചിന് സാധ്യമല്ല. അല്ലാഹുവിന്റെ നാമം സ്മരിച്ചുകൊണ്ട് നിങ്ങളുടെ വെള്ളപ്പാത്രങ്ങളെയും നിങ്ങൾ മൂടി വെക്കുക, അല്ലാഹുവിന്റെ നാമം സ്മരിച്ചുകൊണ്ട് നിങ്ങളുടെ പാത്രങ്ങളെയും നിങ്ങൾ മൂടിവെക്കുക, (ഒന്നും ലഭിച്ചില്ലെങ്കിൽ) അതിന്ന് മീതെ എന്തെങ്കിലും വിലങ്ങിന് വെച്ചാലും മതി. നിങ്ങൾ ലൈറ്റുകൾ അണക്കുകയും ചെയ്യുക' (മുസ്ലിം).

വീട്ടിൽ വെച്ച് ഐച്ഛിക നമസ്കാരങ്ങൾ നിർവ്വഹിക്കലും ധാരാളമായി ഖുർആൻ പാരായണം ചെയ്യലും ഗൃഹ ശുദ്ധീകരണത്തിന് ഉപയുക്തമാണ്. നബി (സ) അരുളിച്ചെയ്ത പോലെ ഖുർആൻ പാരായണം ചെയ്യപ്പെടുന്ന വീടുകളിൽ നിന്ന് പിശാച് ഓടിയകലുന്നതാണ്. അദ്ദേഹം പറഞ്ഞു: 'ഏതൊന്നിനും ഒരു ഉച്ചിയുണ്ട്, ഖുർആനിന്റെ ഉച്ചി (മൂർദ്ദാവ്) സൂറത്തുൽ ബഖറയാണ്. സൂറത്തുൽബഖറ പാരായണം ചെയ്യുന്നത് കേട്ടാൽ പിശാച് വീട്ടിൽ നിന്നും പുറത്തു പോവുന്നതാണ്' (ഹാകിം).

**13) ഭാര്യയേയും സന്താനങ്ങളെയും സംരക്ഷിക്കൽ:**

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വ് (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു: 'നിങ്ങളാരെങ്കിലും വിവാഹം കഴിക്കുകയോ ഒരു സേവകനെ സ്വീകരിക്കുകയോ ചെയ്താൽ ഇപ്രകാരം പറയട്ടെ: (അല്ലാഹുമ്മ ഇന്നീ അസ്അലുക ഖൈറഹാ വഖൈറ മാ ജബൽതുഹാ അലൈഹി, വ അഊദു ബിക മിൻ ശർറിഹാ വശർറി മാ ജബൽതുഹാ അലൈഹി)

സാരം: 'അല്ലാഹുവേ ഇവളിലുള്ള നന്മയേയും നീ ഇവൾക്ക് നൽകിയ സ്വഭാവത്തിലുള്ള നന്മയേയും ഞാൻ നിന്നോട് ചോദിക്കുന്നു, ഇവളുടെ നാശത്തിൽ നിന്നും നീ ഇവൾക്ക് നൽകിയ സ്വഭാവത്തിലുള്ള നാശത്തിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു' (അബൂദാവൂദ്).

ഇബ്നു അബ്ബാസ് (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: ഹസനും ഹുസൈനും വേണ്ടി നബി (സ) അല്ലാഹുവോട് ശരണം തേടിയിരുന്നു. അദ്ദേഹം ഇപ്രകാരം പറയാറുണ്ടായിരുന്നു:

'നിങ്ങളുടെ പിതാവ് (ഇബ്റാഹീം) ഇസ്മാഈലിനും ഇസ്ഹാഖിനും വേണ്ടി ഇപ്രകാരം പറഞ്ഞ് പ്രാർത്ഥിച്ചിരുന്നു: 'അഊദു ബികലിമാത്തില്ലാഹിത്താമ്മ, മിൻ കുല്ലി ശൈത്വാനിൻ വ ഹാമ്മ, വമിൻ കുല്ലി ഐനിൻ ലാമ്മ' (ബുഖാരി).

സന്താനങ്ങളെ പിശാചിൽ നിന്ന് സംരക്ഷിക്കുന്ന മറ്റൊരു കാര്യമാണ് പ്രസവിക്കപ്പെട്ടയുടനെ കുഞ്ഞിന്റെ കാതിൽ ബാങ്ക് കേൾപ്പിക്കുകയെന്നത്. അബൂറാഫിഅ് (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു:

'ഫാത്വിമ (റ) ഹസൻബിൻ അലി (റ)നെ പ്രസവിച്ച ദിവസം നബി (സ) അദ്ദേഹത്തിന്റെ കാതിൽ ബാങ്കിന്റെ പദങ്ങൾ പറയുന്നത് ഞാൻ കണ്ടു' (അബൂദാവൂദ്, തുർമുദി).

ഇബ്നുൽഖയ്യിം (റ) പറയുന്നു: 'മനുഷ്യൻ ആദ്യമായി കേൾക്കുന്നത് തന്നെ തന്റെ രക്ഷിതാവിന്റെ മഹത്വവും ആധിപത്യവും ഉൾക്കൊള്ളുന്ന പദങ്ങളായിരിക്കണമെന്നതായിരിക്കും ബാങ്കിന്റെ പദങ്ങൾ പിറക്കപ്പെട്ട കുഞ്ഞിന്റെ കാതിൽ പറയുന്നതിന്റെ രഹസ്യം. അതോടൊപ്പം തന്നെ ബാങ്കിന്റെ പദങ്ങൾ കേൾക്കുമ്പോൾ പിശാച് ഓടിയകലുമെന്ന ഗുണവും അതുൾക്കൊള്ളുന്നു. അല്ലാഹുവിന്റെ കണക്കനുസരിച്ച് തന്നെ, കുഞ്ഞ് പിറക്കുമ്പോൾ അവനെ സ്വാധീനിക്കാനായി പിശാച് പതിയിരിക്കുകയായിരുന്നു. ആദ്യമായുള്ള ആ പിടിയുടെ അവസരത്തിൽത്തന്നെ പിശാചിനെ രോഷം കൊള്ളിക്കുന്നതും അവനെ ദുർബ്ബലനാക്കുന്നതുമായ പദങ്ങളാണ് അവൻ കേൾക്കാനിടവരുന്നത്. മറ്റൊരർത്ഥത്തിൽ പിശാചിന്റെ ക്ഷണത്തിനുമുമ്പായി അത് അവനെ അല്ലാഹുവിലേക്കും ഇസ്ലാമിലേക്കും അല്ലാഹുവെ മാത്രം ആരാധിക്കുന്നതിലേക്കും ക്ഷണിക്കലും കൂടിയാണ്'.

ഇരുൾ മുറ്റിയാൽ കുട്ടികളെ വഴികളിലും നിരത്തുകളിലും അലസമായി വിടാതിരിക്കലും പിശാചിനെതിരെ അവർക്കുള്ള സംരക്ഷണത്തിന്റെ ഭാഗമാണ്. കാരണം ഈ സമയത്താണ് പിശാചുക്കൾ വ്യാപിക്കുന്നത്. ജാബിർ (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു: 'രാത്രി അതിന്റെ ചിറകുവിരിച്ചാൽ നിങ്ങളുടെ കുട്ടികളെ നിങ്ങൾ തടഞ്ഞുവെക്കുക. കാരണം, അന്നേരമാണ് പിശാചുക്കൾ വ്യാപിക്കുന്നത്. രാത്രി അൽപം കഴിഞ്ഞാൽ പിന്നെ നിങ്ങൾക്കവരെ സ്വതന്ത്രരാക്കാം'

**14) ദൃഷ്ടികളെ താഴ്ത്തൽ:**

മദാലസകളിലേക്ക് ദൃഷ്ടി പായിക്കുവാൻ പ്രേരിപ്പിച്ചു കൊണ്ട് പിശാച് വിശ്വാസിയുടെ കണ്ണുകളെ ചൂഷണം ചെയ്യും. മഹാനാശത്തിലേക്കവനെ എത്തിക്കുവാൻ അത് കാരണമാക്കിയേക്കാം. വഴിയോരങ്ങളിലും മാർക്കറ്റുകളിലും സ്ത്രീകളുടെ പിന്നാലെ കണ്ണുകൾ കറക്കി നടക്കുന്നവർ ഇത് ഉൾക്കൊണ്ടെങ്കിൽ എത്ര നന്നായിരുന്നു. നാശഹേതുവായ ഈ വാതിൽ അടക്കുകയെന്നതാണ് ബുദ്ധിയുള്ളവർക്കഭികാമ്യം. അലി (റ)വിൽ നിന്നും നിവേദനം, (ഹജ്ജത്തുൽ വിദാഇൽ) നബി (സ) ഫദ്ൽ (റ)വിനെ തന്റെ പിന്നിലിരുത്തി യാത്ര ചെയ്യുകയാണ്. അങ്ങനെ അവർ ജംറയിൽ എത്തി അതിനെ എറിഞ്ഞു. അന്നേരം ഖഥ്അം ഗോത്രക്കാരിയായ ഒരു യുവതി നബി (സ)യുടെ അടുത്തുവന്നു. അവർ ചോദിച്ചു: 'എന്റെ പിതാവ് പടുവൃദ്ധനാണ്. അല്ലാഹു നിർബന്ധമാക്കിയ ഹജ്ജ് അദ്ദേഹത്തിന് ഇപ്പോൾ ബാധ്യതയായിരിക്കുന്നു. അദ്ദേഹത്തിന് പകരമായി എനിക്ക് ഹജ്ജ് ചെയ്യാമോ? അദ്ദേഹം പറഞ്ഞു: 'അതെ'. അലി (റ) പറയുകയാണ്, അന്നേരം നബി (സ) ഫദ്ലിന്റെ കഴുത്ത് മറുഭാഗത്തേക്ക് തിരിച്ചു. അപ്പോൾ അബ്ബാസ് (റ) അദ്ദേഹത്തോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങയുടെ പിതൃവ്യപുത്രന്റെ മുഖമെന്തിനാണ് അങ്ങ് തിരിച്ചത്? അദ്ദേഹം പറഞ്ഞു: 'അവൻ യുവാവും അവൾ യുവതിയുമാണ്, അവരുടെ മേൽ ഞാൻ പിശാചിനെ ഭയപ്പെട്ടു' (അഹ്മദ്).

മാർക്കറ്റുകളെപ്പോലെ സ്ത്രീ പുരുഷ സങ്കലനം ഉണ്ടാവുന്ന ഇടങ്ങളിൽ നിന്ന് സാധ്യമാവും പ്രകാരം ഒഴിഞ്ഞു നിൽക്കുകയെന്നത് ദൃഷ്ടികളെ താഴ്ത്താൻ ഉപകരിക്കുന്ന കാര്യമാണ്. സൽമാനുൽ ഫാരിസി (റ) പറയുന്നു:

'സാധിക്കുമെങ്കിൽ മാർക്കറ്റിലേക്ക് ആദ്യം പ്രവേശിക്കുന്ന വനും അവസാനം പുറത്തുകടക്കുന്നവനും നീയാവാതിരി ക്കുക, കാരണം അത് പിശാചിന്റെ യുദ്ധഭൂമിയാണ്, അവിടെ യാണവൻ പതാകയുയർത്തുന്നത്' (മുസ്‌ലിം).

**15) അന്യ സ്ത്രീയോടൊപ്പം തനിച്ചാവാതിരിക്കൽ:**

അന്യസ്ത്രീയിലേക്ക് നോക്കൽ തന്നെ പിശാചിന്റെ സാന്നി ധ്യം ക്ഷണിച്ചുവരുത്തുന്നതാണെങ്കിൽ പിന്നെ അവളോടൊ പ്പം തനിച്ചാവുന്നതിന്റെ ഗൗരവം എത്രയായിരിക്കും. അതു കൊണ്ട് തന്നെയാണ് നബി (സ) അതിനെ വിരോധിച്ചത്. ഇബ് നു അബ്ബാസ് (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു:

( لا يخلون رجل بامرأة، ولا تسافر إلا ومعها ذو محرم ) ( متفق عليه )

'ഒരു പുരുഷനും ഒരു അന്യ സ്ത്രീയോടൊപ്പം തനിച്ചാവുക യോ, ഒരു സ്ത്രീയും തന്നോടൊപ്പം ഒരു മഹ്റമില്ലാതെ യാത്ര പോവുകയോ അരുത്' (ബുഖാരി, മുസ്‌ലിം). (ഭർത്താവ്, അല്ലെങ്കിൽ വിവാഹ ബന്ധം നിഷിദ്ധമാക്കപ്പെട്ടവർ എന്നിവരാണ് മഹ്റം).

ജാബിർ (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു: 'അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുന്ന ഒരാളും, ഒരു അന്യ സ്ത്രീയോടൊപ്പം തനിച്ചാവരുത്, അവളോടൊപ്പം മഹ്റമായ ഒരാൾ ഉണ്ടായിക്കൊണ്ടല്ലാതെ. കാരണം, അവരോ ടൊപ്പം മൂന്നാമനായി പിശാചും ഉണ്ടായിരിക്കും' (അഹ്മദ്).

ഉബൈദുർറഹ്മാനുബ്നു സിയാദിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: 'മൂസാനബി ഇരിക്കുന്ന വേളയിൽ പിശാ ച് അദ്ദേഹത്തിന്റെ അടുത്ത് വന്നു. അപ്പോൾ അദ്ദേഹം അവ നോട് ചോദിച്ചു: 'മനുഷ്യന്റെ ഏത് പ്രവർത്തനമാണ് നിനക്ക വനെ കീഴ്പ്പെടുത്താൻ സാധ്യമാക്കുന്നത്? അവൻ പറഞ്ഞു:

'മനുഷ്യൻ സ്വയം പ്രാപ്തനായി തന്നെ കണ്ടാൽ, തന്റെ സൽക്കർമ്മങ്ങൾ ധാരാളമാണെന്ന് അവന് തന്നെ തോന്നിയാൽ, തന്റെ പാപങ്ങളെ അവൻ മറന്നാൽ. (ഈ അവസ്ഥ മനുഷ്യന് വരുമ്പോഴാണ് പിശാചിന് മനുഷ്യനെ കീഴ്പ്പെടുത്താൻ സാധിക്കുന്നതെന്നർത്ഥം). പിശാച് അദ്ദേഹത്തോട് പറഞ്ഞു: 'മൂന്ന് പ്രാവശ്യം ഞാൻ നിന്നെ ജാഗ്രതപ്പെടുത്തുകയാണ്: നിനക്ക് അനുവദിക്കപ്പെട്ട ഒരു സ്ത്രീയോടൊപ്പമല്ലാതെ നീ തനിച്ചാവരുത്. കാരണം, ഏതൊരാളും തനിക്ക് ഹലാലല്ലാത്ത ഒരു സ്ത്രീയോടൊപ്പം തനിച്ചായാൽ എന്റെ കൂട്ടുകാർക്ക് പുറമെ ഞാനും അവരോടൊപ്പം ഉണ്ടാവും, അവളിലൂടെ ഞാനവനെ നാശത്തിൽ അകപ്പെടുത്തുകയും ചെയ്യും'.

**16) വിവാഹം:**

പിശാചിന്റെ ദുർമന്ത്രങ്ങൾ ഇല്ലാതെയാക്കുന്ന ഒരു കാര്യമാണ് വിവാഹം. ദുഷിച്ച വികാരങ്ങൾക്ക് അടിപ്പെടുന്നതിൽ നിന്നും വിവാഹം മനുഷ്യനെ തടയുന്നു. അതുകൊണ്ട് തന്നെയാണ് നബി (സ) യുവാക്കളെ വിവാഹം കഴിക്കാനായി പ്രേരിപ്പിച്ചത്. അദ്ദേഹം പറഞ്ഞു:

'യുവ സമൂഹമേ, നിങ്ങൾക്കാർക്കെങ്കിലും വിവാഹ പ്രാപ്തിയുണ്ടെങ്കിൽ നിങ്ങൾ വിവാഹിതരാവുക. കാരണം അതാണ് നിങ്ങളുടെ ദൃഷ്ടികളെ താഴ്ത്തുവാനും ഗുഹ്യാവയവങ്ങളെ സംരക്ഷിക്കുവാനും ഏറ്റവും ഉത്തമം. അതിന് സാധ്യമാവാത്തവർ നോമ്പനുഷ്ഠിച്ചുകൊള്ളട്ടെ, തീർച്ചയായും അതവനൊരു സംരക്ഷണമായിരിക്കും' (ബുഖാരി, മുസ്‌ലിം).

ജാബിർ (റ)വിൽ നിന്നും നിവേദനം, നബി (സ) ഒരു സ്ത്രീയെ കാണാനിടയായി, അവളുടെ (സൗന്ദര്യം) അദ്ദേഹത്തെ ആശ്ചര്യപ്പെടുത്തി. ഉടനെ അദ്ദേഹം തന്റെ പത്നി സൈനബ്

(റ)യുടെ അടുക്കൽ ചെന്നു, തന്റെ ആവശ്യം നിർവ്വഹിച്ചു. അദ്ദേഹം പറഞ്ഞു:

'സ്ത്രീ മുന്നോട്ടു വരുന്നതും പിന്നോട്ട് പോവുന്നതും പിശാചിന്റെ രൂപത്തിലാണ്. അതിനാൽ, നിങ്ങളാരെങ്കിലും ഒരു സ്ത്രീയെ കാണുകയും അവളിൽ നിങ്ങൾക്ക് ആകർഷണം തോന്നുകയും ചെയ്താൽ അവൻ തന്റെ ഭാര്യയുടെ അടുക്കൽ ചെന്ന് (തന്റെ ആവശ്യം നിർവ്വഹിച്ചുകൊള്ളട്ടെ). അത് അവന്റെ മനസ്സിലെ ദുഷിച്ച ചിന്തയെ പോക്കിക്കളയുന്നതാണ്' (മുസ്‌ലിം).

ഇബ്നുൽ ജൗസി (റ) പറയുന്നു: 'ഈ ഹദീസ് രണ്ട് കാര്യങ്ങൾ ഉണർത്തുന്നുണ്ട്: 1) തന്റെ വർഗ്ഗത്തിൽ നിന്നും ഇണയെ തേടുക. 2) അന്യ സ്ത്രീയിൽ അനുരാഗമുണ്ടാവുന്നതിന്റെ കാരണം വികാര തീക്ഷ്ണതയാണ്. അതിനാൽ അത് കുറക്കുവാനുള്ള നബിയുടെ കൽപന.

**17) പിശാചിന്റെ പ്രേരണകൾക്ക് മനഃപ്പൂർവ്വം വഴങ്ങാതിരിക്കുക:**

പിശാചിനെ അനുസരിക്കാതിരിക്കുക എന്നത് അല്ലാഹു തന്റെ വചനത്തിലൂടെ പ്രഖ്യാപിച്ച ശത്രുതയെ പ്രകടമാക്കലാണ്. അല്ലാഹു പറയുന്നു:

'തീർച്ചയായും പിശാച് നിങ്ങളുടെ ശത്രുവാകുന്നു. അതിനാൽ അവനെ നിങ്ങൾ ശത്രുവായിത്തന്നെ ഗണിക്കുക. അവൻ തന്റെ പക്ഷക്കാരെ ക്ഷണിക്കുന്നത് അവർ നരകാവകാശികളുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടി മാത്രമാണ്' (ഫാത്വിർ: 6).

അതുകൊണ്ടാണ് പിശാചിനോട് എതിരാവുന്ന ചില കാര്യങ്ങളും മര്യാദകളും സ്വീകരിക്കാൻ നബി (സ) നമ്മെ തെര്യപ്പെടുത്തിയത്. അവയിൽ ചിലത് ഇപ്രകാരമാണ്:

**a) വലതുകൈകൊണ്ട് ഭക്ഷിക്കൽ:**

ഇബ്നു ഉമർ (റ)വിൽ നിന്നും നിവേദനം, നബി പറഞ്ഞു: 'നിങ്ങളാരും തന്നെ ഇടതു കൈകൊണ്ട് തിന്നുകയും കുടിക്കുകയും അരുത്, കാരണം പിശാച് തന്റെ ഇടതുകൈ കൊണ്ടാണ് തിന്നുകയും കുടിക്കുകയും ചെയ്യുന്നത് (മുസ്ലിം).

**b) ഉച്ചയുറക്കം പതിവാക്കൽ:**

അനസ് (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു: 'നിങ്ങൾ ഉച്ചക്കുറങ്ങുക, കാരണം പിശാചുക്കൾ ഉച്ചക്കുറങ്ങുകയില്ല.' (ത്വബ്റാനി).

**c) ധൂർത്ത് ഒഴിവാക്കൽ:**

ധൂർത്ത് അല്ലാഹു നിഷിദ്ധമാക്കുകയും, ധൂർത്തടിക്കുന്നവരെ പിശാചിന്റെ സഹോദരങ്ങൾ എന്ന് വിശേഷിപ്പിക്കുകയും ചെയ്തു. അല്ലാഹു പറയുന്നു:

'നീ (ധനം) ദുർവ്യയം ചെയ്തു കളയരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചിന്റെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദി കെട്ടവനാകുന്നു' (ഇസ്റാഅ്: 26,27).

ധൂർത്തിൽ നിന്നും അനാവശ്യ ചിലവുകളിൽ നിന്നും താക്കീത് ചെയ്തുകൊണ്ട് നബി (സ) പറഞ്ഞു: 'പുരുഷന് ഒരു വിരിപ്പ്, അവന്റെ പത്നിക്ക് ഒരു വിരിപ്പ്, അഥിതിക്ക് ഒരു വിരിപ്പും, നാലാമത്തേത് (ഉണ്ടെങ്കിൽ) അത് പിശാചിനുള്ളതാണ്'.

**d) കാര്യങ്ങളിൽ അവധാനത കാണിക്കൽ:**

ധൃതി പിശാചിൽ നിന്നുള്ളതാണെന്നതുകൊണ്ടുതന്നെ കാര്യങ്ങളിൽ അവധാനതയും സാവകാശം കൈക്കൊള്ളലും നബി (സ) പ്രോൽസാഹിപ്പിച്ചു. അദ്ദേഹം പറഞ്ഞു:

'സാവധാനത പരമ കാരുണ്ണികനിൽ നിന്നുള്ളതാണ്, ധൃതി പിശാചിൽ നിന്നും' (ബൈഹഖി).

**e) കോട്ടുവായിടൽ:**

മനുഷ്യൻ അധികം കോട്ടുവായിടുന്നത് പിശാചിനേറ്റം ഇഷ്ടമാണ്. അത് ആലസ്യത്തിന്റെയും താൽപര്യമില്ലായ്മയുടെയും അടയാളമാണെന്നതാണതിന് കാരണം. അതു കൊണ്ടുതന്നെ കോട്ടുവാ തടയുവാനും അതിനെ പിടിച്ചു നിറുത്തുവാനും നബി (സ) കൽപ്പിക്കുകയുണ്ടായി. അബൂ ഹുറൈറ (റ)വിൽ നിന്നും നിവേദനം, നബി (സ) പറഞ്ഞു:

'കോട്ടുവാ പിശാചിൽ നിന്നുള്ളതാണ്, അതിനാൽ നിങ്ങൾ കോട്ടുവായിടുമ്പോൾ അതിനെ സാധ്യമായ രൂപത്തിൽ പിടിച്ചുവെക്കുക. കാരണം, നിങ്ങൾ 'ഹാ' പറയുമ്പോൾ പിശാച് ചിരിക്കുന്നതാണ്' (ബുഖാരി, മുസ്ലിം).

**18) പിശാചിനിഷ്ടമായ പദങ്ങളും പേരുകളും വെടിയൽ:**

a) لو : قول - 'ലൗ' എന്ന് പറയൽ

'ലൗ' എന്ന പദം അതിൽപ്പെട്ടതാണ്. അബൂഹുറൈറ (റ) വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി പറഞ്ഞു:

'ശക്തനായ വിശ്വാസി ബലഹീനനായ വിശ്വാസിയെക്കാൾ ഉത്തമനാണ്. എല്ലാവരിലും നന്മയുണ്ട് താനും. നിനക്ക് പ്രയോജനപ്രദമായത് ചെയ്യുന്നതിൽ നീ ആർത്തി കാണിക്കുക, അതിന് അല്ലാഹുവോട് സഹായം തേടുക, നീ അശക്തനാവരുത്. നിനക്ക് ദോഷകരമായത് വല്ലതും നിന്നെ ബാധിച്ചാൽ 'ഞാൻ ഇന്നയിന്ന രൂപത്തിലെല്ലാം ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായേനെ' എന്ന് നീ പറയരുത്. 'എല്ലാം അല്ലാഹുവിന്റെ തീരുമാനമാണ്, അവൻ ഉദ്ദേശിച്ചത് അവൻ ചെയ്തു'

എന്നേ നീ പറയാവൂ. കാരണം 'ലൗ' (ഞാൻ അങ്ങനെ ചെയ്തിരുന്നെങ്കിൽ) എന്ന പദം പിശാചിന്റെ പ്രവർത്തനങ്ങൾക്ക് വഴി വെക്കുന്നതാണ് (മുസ്‌ലിം).

b) 'പിശാച് നശിക്കട്ടെ' എന്ന് പറയൽ:

സ്വഹാബിമാരിലൊരാളിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'ഞാൻ നബി (സ)യുടെ പിന്നിൽ ഒരിക്കൽ സഹയാത്രികനായിരിക്കെ അദ്ദേഹത്തിന്റെ വാഹനത്തിന്റെ കാൽ വഴുതി. അപ്പോൾ ഞാൻ പറഞ്ഞു: 'പിശാച് നശിക്കട്ടെ'. അപ്പോൾ നബി (സ) പറഞ്ഞു: 'പിശാച് നശിക്കട്ടെ എന്ന് നീ പറയരുത്, കാരണം നീ അപ്രകാരം പറയുമ്പോൾ അവൻ ഒരു വീട്ടിനോളം വലുതാവും. 'എന്റെ ശക്തികൊണ്ട് ഞാനവനെ തോൽപ്പിച്ചിരിക്കുന്നു' എന്നവൻ പറയുകയും ചെയ്യും. എന്നാൽ 'ബിസ്മില്ലാ' (അല്ലാഹുവിന്റെ നാമത്തിൽ) എന്നാണ് നീ പറയേണ്ടത്. നീ അപ്രകാരം പറഞ്ഞാൽ അവൻ ഈച്ചയോളം ചെറുതാവുന്നതാണ് (അഹ്മദ്, അബൂദാവൂദ്).

b) 'അജ്ദഅ്' എന്ന് പേരുവെക്കൽ:

മസ്റൂഖ് (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: ഞാനൊരിക്കൽ ഉമർ (റ)വിനെ കണ്ടുമുട്ടി, അപ്പോൾ അദ്ദേഹമെന്നോട് ചോദിച്ചു: 'താങ്കളാരാണ്?' ഞാൻ പറഞ്ഞു: 'മസ്റൂഖ്ബ്നു അജ്ദഅ് ആണ്. അദ്ദേഹം പറഞ്ഞു: 'അജ്ദഅ് പിശാചാണ് എന്ന് നബി (സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട് (അബൂദാവൂദ്).

**19) പിശാചിന്റെ ദൗർബല്യം ഉറപ്പാക്കൽ:**

പിശാചിന്റെ തന്ത്രങ്ങളുടെ ദൗർബ്ബല്യം എവിടെയാണെന്ന് ഉറപ്പാക്കൽ അനിവാര്യമാണ്. കാരണം അല്ലാഹു തന്നെ അതിന് പ്രോൽസാഹനം നൽകിയിട്ടുണ്ട്.

അല്ലാഹു പറയുന്നു: 'അതിനാൽ പിശാചിന്റെ മിത്രങ്ങളുമായി നിങ്ങൾ യുദ്ധത്തിലേർപ്പെടുക. തീർച്ചയായും പിശാചിന്റെ കുതന്ത്രം ദുർബ്ബലമാകുന്നു' (നിസാഅ്: 76).

നോക്കൂ നിങ്ങൾ. പിശാച് വിശ്വാസികളായ അല്ലാഹുവിന്റെ അടിമകളെ ഭയപ്പെടുന്നു!. നബി (സ) ഉമറുബ്നുൽ ഖത്വാബ് (റ)വിനോട് പറയുകയുണ്ടായി: 'ഹേ ഖത്വാബിന്റെ മകനേ, എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെയാണ് സത്യം, താങ്കൾ ഒരു വഴിയിൽ പ്രവേശിച്ചതായി പിശാച് കാണുന്ന പക്ഷം, താങ്കളുടെ വഴിയല്ലാത്ത മറ്റൊരു മാർഗ്ഗത്തിലൂടെ അവൻ മാറിപ്പോകുന്നതാണ്' (മുസ്‌ലിം).

അടക്കപ്പെട്ട വാതിൽ തുറക്കാൻ കഴിയില്ലെന്നത് പിശാചിന്റെ ദൗർബ്ബല്യത്തിൽപ്പെട്ടതാണ്. ജാബിർബ്നു അബ്ദില്ല(റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി (സ) പറഞ്ഞു: 'അല്ലാഹുവിന്റെ നാം സ്മരിച്ചുകൊണ്ട് നിങ്ങൾ വാതിലുകൾ അടച്ചുപൂട്ടുക, കാരണം അടക്കപ്പെട്ട വാതിൽ തുറക്കാൻ പിശാചിന് സാധ്യമല്ല' (മുസ്‌ലിം).

## حرز من الشيطان

## സുരക്ഷാ മാർഗ്ഗം

അബൂഹുറൈറ (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി (സ) പറഞ്ഞു: (ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ) സാരം: 'അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല, അവൻ ഏകൻ, അവന്ന് യാതൊരു പങ്കുകാരുമില്ല, എല്ലാ ആധിപത്യവും സർവ്വ സ്തുതിയും

അവന്ന് തന്നെ, അവൻ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു' എന്നാരെങ്കിലും ഒരു ദിവസത്തിൽ നൂറ് പ്രാവശ്യം ചൊല്ലിയാൽ പത്ത് അടിമകളെ മോചിപ്പിച്ചതിനു തുല്യമായ പ്രതിഫലം അവന്നുണ്ടായിരിക്കും. 100 നന്മകൾ അവന്ന് രേഖപ്പെടുത്തപ്പെടുകയും, അവനിൽ നിന്നും 100 തിന്മകളെ മായ്ച്ചുകളയപ്പെടുകയും ചെയ്യും. ആ ദിവസം പ്രദോഷമാകുവോളം അതവന്ന് പിശാചിൽ നിന്നും സംരക്ഷണവുമായിരിക്കും. അയാളെക്കാൾ കൂടുതലായി ചെയ്ത ഒരാളല്ലാതെ, ഇതു പോലത്തെ ശ്രേഷ്ഠമായ കർമ്മങ്ങളുമായി ആരും വരികയില്ല.

**20) പ്രാർത്ഥന:**

പിശാചിൽ നിന്നും രക്ഷ തേടിക്കൊണ്ടുള്ള പ്രാർത്ഥന പിശാചിന്റെ നാശങ്ങളിൽ നിന്നും കുതന്ത്രങ്ങളിൽ നിന്നും രക്ഷ നൽകുന്ന ഏറ്റവും പ്രയോജനകരമായ ഒരു ഔഷധമാണ്. തിരുദൂതർ (സ) ഇപ്രകാരം ധാരാളമായി പ്രാർത്ഥിക്കാറുണ്ടായിരുന്നു. അബുൽ അസ്ഹർ അൽ അൻമാരി (റ)വിൽ നിന്നും നിവേദനം, നബി (സ) രാത്രി തന്റെ വിരിപ്പിൽ കിടന്നാൽ ഇപ്രകാരം പറയാറുണ്ടായിരുന്നു:

'അല്ലാഹുവിന്റെ നാമത്തിൽ ഞാനെന്റെ പാർശ്വം ഇതാ വെക്കുന്നു, അല്ലാഹുവേ എന്റെ പാപം എനിക്ക് നീ പൊറുത്തുതരേണമേ, എന്റെ പിശാചിനെ നിന്ദ്യനാക്കേണമേ, എന്റെ വിഷമങ്ങളെ നീക്കേണമേ, ഏറ്റവും ഉന്നതമായ സദസ്സിൽ എനിക്ക് സ്ഥാനം നൽകേണമേ' (അബൂദാവൂദ്).

**21) ഏകനായി യാത്ര ചെയ്യാതിരിക്കൽ:**

മനുഷ്യൻ ഏകനാണെങ്കിൽ പിശാചിന് അവനിൽ താൽപര്യം ജനിക്കുന്നു. പാപങ്ങളും നിഷിദ്ധങ്ങളും അവന് നല്ലതായി കാണിച്ചുകൊടുക്കുന്നു. തന്റെ കുടുംബത്തിൽ നിന്നും സ്വദേ

ശത്തു നിന്നും അകന്നുകൊണ്ടാണ് അവന്റെ യാത്രയെങ്കിൽ പ്രത്യേകിച്ചും.

യാത്രക്കിടയിൽ വിശ്രമ മന്ദിരത്തിലോ ഉറക്കത്തിനു വേണ്ടിയോ മറ്റോ ഇറങ്ങിയാൽ വേർപെട്ടു പോവരുതെന്ന് നബി (സ) ഉപദേശിക്കുകയുണ്ടായി. അബൂഥഅ്ലബ അൽ ഖുശനി (റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'യാത്രക്കിടയിൽ എവിടെയെങ്കിലും ഇറങ്ങിയാൽ കുന്നിൻ ചെരുവുകളിലും താഴ്‌വരകളിലുമായി വ്യാപിക്കലായിരുന്നു ആളുകളുടെ പതിവ്. അങ്ങനെ പ്രവാചകൻ അവരോട് പറഞ്ഞു:

'നിങ്ങൾ ഇപ്രകാരം കുന്നിൻ ചെരുവുകളിലും താഴ്‌വരകളിലും വ്യാപിക്കുന്നത് പിശാചിന്റെ ചെയ്തിയാണ്'. അബൂഥഅ്ലബ പറയുന്നു: 'അതിനുശേഷം അവർ എവിടെ ഇറങ്ങിയാലും ഒരു വസ്ത്രം വിരിച്ചാൽ അതിൽ ഉൾക്കൊള്ളാൻ സാധ്യമാവുമാറ് പരസ്പരം ചേർന്നുകൊണ്ടായിരുന്നു അവരുടെ നീക്കം' (അബൂദാവൂദ്).

എപ്രകാരമായിരുന്നു തിരുദൂതർ (സ)യുടെ നിർദ്ദേശങ്ങൾ സ്വഹാബിമാർ സ്വീകരിച്ചിരുന്നതെന്ന് നോക്കൂ. അതെ, അവരെക്കുറിച്ച് പഠിക്കുമ്പോൾ നമുക്ക് വ്യക്തമാവുന്നു അവരുടെയും അവർക്ക് ശേഷം വന്നവരുടെയും ഇടയിലുള്ള അന്തരം എത്രയാണെന്ന്. പിശാചിന്റെ കുടില തന്ത്രങ്ങളിൽ നിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കുമാറാവട്ടെ, അവന്റെ നിഷ്കളങ്കരായ അടിമകളിൽ നമ്മെയും ചേർക്കട്ടെ, ആമീൻ.

وآخر دعوانا أن الحمد لله رب العالمين، وصلى الله وسلم على نبينا محمد

*********

# خطوات

# الشيطان مع الإنسان

( باللغـــة المليباريـــة )

ترجمة

**محمد كوتي أبو بكر**

**دار الـورقـــات العلميـة للنشـــر والتـــوزيــع**

الرياض ٣٢٦٥٩ ص.ب ١١٤٣٨ هاتف :٤٢٢٨٨٣٧ ناسوخ ٢٩٣٣٤٠٧




# خطوات الشيطان مع الإنسان


إعداد :
القسم العلمي في الدار

ترجمة :
محمد كوتي أبو بكر


ردمك: ٩٩٦٠ ـ ٩٥٨٣ ـ ٥ ـ ٣